# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.16 | No.11 | കാർത്തികപ്പള്ളി | R.No. 7361/02 | 2016 DECEMBER

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.


## ഇങ്ങനെയും ഒരു രാജാവ്!



രാജ്യത്തിലെ പ്രജകളുടെ വിയർപ്പിന്റെ ഓഹരി പറ്റി സർവസുഖ സമൃദ്ധിയോടെ ജീവിച്ചിരുന്ന രാജാക്കന്മാർ ഇപ്പോൾ പഴങ്കഥ. പ്രജകൾക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്ന രാജാക്കന്മാർ ഇന്നുണ്ട്. ആഫ്രിക്കൻ രാജ്യങ്ങളിലൊന്നായ ഘാനയിലെ അകാൻ ഗോത്രവർഗത്തിന്റെ രാജാവായ എറിക് മാനു തന്റെ ഗോത്രത്തിലുള്ള 6,000 പേർക്കുവേണ്ടി കാനഡയിൽ കൂലിപ്പണി ചെയ്യുകയാണ്. കാനഡയിൽ തോട്ടക്കാരനായി ജോലി നോക്കുന്നതിനൊപ്പം സന്മനസുള്ളവരുടെ പക്കൽനിന്ന് അവശ്യവസ്തുക്കളുടെ സഹായവും സ്വീകരിക്കുന്നുണ്ട്. ഗ്രാമങ്ങളിലേക്കും ഗോത്രങ്ങളിലേക്കും സർക്കാർ ശ്രദ്ധിക്കുന്നില്ല, വികസനപ്രവർത്തനങ്ങൾ പ്രധാനമായും നഗരങ്ങളിൽ മാത്രം ഒതുങ്ങുന്നു. ഇത് എറിക്കിനെ അസ്വസ്ഥനാക്കുന്നു. അതുകൊണ്ടുതന്നെയാണ് കഴിഞ്ഞ വർഷം അധികാരം ഏറ്റെടുത്തശേഷം ഗോത്രത്തിലുള്ളവർക്കായി അന്യരാജ്യത്തു പോയി തൊഴിൽ ചെയ്യുന്നത്.


വേദാഭിമാനി

കളർ/ഡിജിറ്റൽ/ഇ-പേപ്പർ

സൗജന്യമായി ലഭിക്കുന്നു

ഉടൻ നിങ്ങളുടെ ഇ-മെയിൽ വിലാസം അയക്കുക

vedabhimani@gmail.com


## ക്രിസോസ്റ്റം പിന്നെയും ദൈവത്തെ കണ്ടെത്തി

വലിയ കാര്യങ്ങൾ പ്രസംഗിച്ചു നടക്കാതെ ജോലി ചെയ്യാൻ സമയം കണ്ടെത്തുന്നതാണു വലിയ കാര്യമെന്ന് ഫിലിപ്പോസ് മാർ ക്രിസോസ്റ്റം.

കേരളപ്പിറവിയുടെ അറുപതാം വാർഷികത്തോടനുബന്ധിച്ചുള്ള വജ്രകേരളം പരിപാടിയുടെ ഉദ്ഘാടനചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. മദർ തെരേസയെയും മുഖ്യമന്ത്രി പിണറായി വിജയനെയും താരതമ്യപ്പെടുത്തിയാണു ക്രിസോസ്റ്റം തന്റെ അഭിപ്രായം രേഖപ്പെടുത്തിയത്.

മുൻപ് അനാഥരുടെ ഒരു പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട ചടങ്ങിൽ പങ്കെടുക്കാൻ മദർ തെരേസയെ ക്ഷണിക്കാൻ താൻ നേരിട്ടു പോയിരുന്നു. വരുന്നില്ലെന്നാണ് അമ്മ അറിയിച്ചത്. ആ സമയം കൂടി പാവപ്പെട്ടവരുടെ കൂടെ ചെലവഴിക്കാനാണു താൻ ആഗ്രഹിക്കുന്നതെന്നും അമ്മ അറിയിച്ചു. അതേപോലെയാണ് മുഖ്യമന്ത്രി പിണറായി വിജയനും പെരുമാറുന്നത്.



തന്നെ കാണാനെത്തിയ സർക്കാർ ജീവനക്കാരോട് ഇപ്പോൾ ജോലിസമയമാണെന്നും പിന്നീടു കാണാമെന്നും അദ്ദേഹം അറിയിച്ചത് ജോലിയോടുള്ള ആത്മാർത്ഥത കൊണ്ടാണ്. ദൈവം സ്വർഗത്തിലല്ല കഴിയുന്നത്, ഭൂമിയിലാണ്. മനുഷ്യരിലും പ്രകൃതിയിലും ദൈവമുണ്ട്. അധ്വാനിക്കുന്നവരിലെല്ലാം ദൈവമുണ്ട്. അങ്ങനെ നോക്കുകയാണെങ്കിൽ പിണറായി വിജയനും ദൈവമാണ്.

**പറയാതെ വയ്യ:** അദ്ധ്വാനവർഗ്ഗ ദൈവത്തെ കണ്ടെത്തിയ സ്ഥിതിക്ക് അദ്ദേഹത്തിന്റെ പ്രതിമകൾ സ്ഥാപിച്ച് മാർത്തോമാ സഭയിലെങ്കിലും വൈരുദ്ധ്യാത്മക ഭൗതികവാദ ആരാധന തുടങ്ങി ക്രിസോസ്റ്റം മാതൃക കാട്ടണം. ഇതിനെക്കാൾ വലിയ ദൈവം അയൽ സംസ്ഥാനത്ത് ജീവനുവേണ്ടി മല്ലിടുകയാണെന്ന കാര്യം ക്രിസോസ്റ്റം മറക്കണ്ട. മരണംവരെ ഈ കളികൾ തുടരാം. അതുകഴിഞ്ഞ് പറഞ്ഞ പാഴ്വാക്കുകൾക്ക് ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ കണക്കു കൊടുക്കാൻ നിൽക്കുമ്പോൾ നിന്റെ ദൈവം ആര്? എന്ന ചോദ്യത്തിന് താങ്കൾ എന്ത് മറുപടി കൊടുക്കും എന്നതാണ് ഇന്നത്തെ പ്രസക്തമായ ചോദ്യം.

## കടലിനടിയിൽ ഒരു മ്യൂസിയം



കരയിലുള്ള പല ജീവികൾക്കും കടൽപ്പതിപ്പുകളുണ്ട്. കടലാന, കടൽപ്പശു, കടൽ വെള്ളരി എന്നിങ്ങനെ തുടങ്ങും അത്തരം ജീവികളുടെ നിര. ഇവയെല്ലാം തന്നെ കൗതുകകരമാണെന്നിരിക്കെ, കടലിനടിയിൽ ഒരു മ്യൂസിയം വന്നാൽ എന്തായിരിക്കും കഥ! യുകറ്റാൻ എന്ന മെക്സിക്കൻ സംസ്ഥാനത്തിന്റെ പരിധിയിൽ വരുന്ന കടലിലാണ് ഈ അപൂർവ മ്യൂസിയമുള്ളത്. മായൻ സംസ്കാരത്തിന്റെ അവശേഷിപ്പുകളാൽ സമ്പന്നമാണ് യുകറ്റാൻ. കൃത്യമായിപ്പറഞ്ഞാൽ കാൻകൻ എന്ന നഗരത്തിനും ഇസ്ലാ മുജേരിസ് എന്നീ പട്ടണത്തിനും മധ്യഭാഗത്താണ് മ്യൂസിയം സ്ഥിതിചെയ്യുന്നത്.

## മരണവീടുകളിൽ പുതിയ 'സംസ്കാരം'



കണ്ണീരോടെ വിട. ശവസംസ്കാര ചടങ്ങുകളെ വിശേഷിപ്പിക്കാൻ പതിവായി ഉപയോഗിക്കുന്ന വാചകമാണിത്. എന്നാൽ, ചൈനയിൽ ശവസംസ്കാരച്ചടങ്ങുകൾ ആകെ മാറിക്കഴിഞ്ഞു. കേരളത്തിൽ ശവസംസ്കാരച്ചടങ്ങുകൾ ഇവന്റ് മാനേജ്മെന്റ് കമ്പനികളെ ഏൽപ്പിക്കുന്നതുപോലും വിമർശനം വിളിച്ചുവരുത്തുന്ന കാലത്താണ് ചൈനക്കാർ പുതിയ മാതൃക അവതരിപ്പിക്കുന്നത്. സംസ്കാരച്ചടങ്ങിൽ കൂടുതൽ ആളുകൾ എത്തുന്നത് കുടുംബമഹിമ ഉയർത്തുമെന്നാണ് ചൈനക്കാരുടെ വിശ്വാസം. അതിനാൽ ആളെക്കൂട്ടാൻ പുതിയ തന്ത്രങ്ങളാണ് ഒരുക്കുന്നത്. ശവപ്പെട്ടിക്കൊപ്പമുള്ള സുന്ദരിമാരുടെ നൃത്തമാണു പുതിയ തരംഗം. നീന്തൽവേഷം അണിഞ്ഞാണ് ഇവർ എത്തുന്നത്. നൈറ്റ് ക്ലബിനു തുല്യമായ വേദിയാണ് മൃതദേഹം വച്ചിരിക്കുന്ന സ്ഥലത്ത് ഒരുക്കുന്നത്. സംസ്കാരച്ചടങ്ങിൽ ആളുകളെ ആകർഷിക്കാൻ ഹെബേൽ പ്രവിശ്യയിൽ അർധനഗ്ന സുന്ദരികളെയും ഇറക്കിയതായി റിപ്പോർട്ടുണ്ട്. സംഭവം വിദേശ മാധ്യമങ്ങൾ ഏറ്റെടുത്തതോടെ "മരണനൃത്തം" നിരുത്സാഹപ്പെടുത്താൻ സാംസ്കാരിക മന്ത്രാലയം രംഗത്തുണ്ട്.

## ടെബ് ഓട്ടം തുടങ്ങി



ഗതാഗതകുരുക്കിന് പരിഹാരമായി ചൈന കണ്ടുപിടിച്ച ടെബ് (ട്രാൻസിറ്റ് എലവേറ്റഡ് ബസ്) പരീക്ഷണ ഓട്ടം തുടങ്ങി. 300 പേർക്ക് ഒരേസമയം യാത്ര ചെയ്യാൻ കഴിയുന്ന ഈ ഭീമൻ വാഹനത്തിന് 22 മീറ്റർ നീളമാണുള്ളത്. നിരത്തുകളുടെ ഇരുവശത്തും ചക്രങ്ങൾ ഊന്നിയാണ് ടെബ് സഞ്ചരിക്കുക. പൊതുനിരത്തിലൂടെ സഞ്ചരിക്കുന്ന മറ്റു വാഹനങ്ങൾക്ക് ടെബിന്റെ അടിയിലൂടെ അനായാസം സഞ്ചരിക്കാനുമാകും. ക്രിൻഹുവാംഗ്ഡോ സിറ്റിയിലാണ് ടെബ് പ്രവർത്തിച്ചു തുടങ്ങിയത്. 300 മീറ്റർ നീളമുള്ള ട്രാക്കിലൂടെ സാവധാനം നീങ്ങിയ ടെബിൽ ജനങ്ങളെ കയറാൻ അനുവദിക്കുകയും ചെയ്തു.

## സ്റ്റീഫൻ കരടി



ഭീമാകാരനായ ഒരു കരടിയോടൊപ്പമിരുന്ന് അത്താഴം കഴിക്കുന്നത് സങ്കല്പിക്കാനാകുമോ? എന്നാൽ, റഷ്യൻ സ്വദേശികളായ സ്വെറ്റ്ലാനാ-യൂറി ദമ്പതികൾ മകനെപ്പോലെ ഓമനിച്ചു വളർത്തുന്ന ഒരു കരടിയുണ്ട്, പേര് സ്റ്റീഫൻ. 23 വർഷമായി ഈ കുടുംബത്തിലെ ഒരംഗമാണ് സ്റ്റീഫൻ. മൂന്നുമാസം പ്രായമുള്ളപ്പോഴാണ് ദമ്പതികൾ അവനെ ഏറ്റെടുക്കുന്നത്. ഇപ്പോൾ എഴുന്നേറ്റു നിന്നാൽ രണ്ടുമീറ്റർ ഉയരമുണ്ടാകും സ്റ്റീഫന്.

സ്വെറ്റ്ലാനയുടെയും യൂറിയുടെയും ഒപ്പം ഡൈനിംഗ് ടേബിളിലാണ് സ്റ്റീഫനും ഭക്ഷണം കഴിക്കുക. അവരോടൊപ്പം ഉദ്യാനം വൃത്തിയാക്കാനും ചെടികൾ നനയ്ക്കാനും ടി.വി കാണാനും കളിക്കാനുമെല്ലാം സ്റ്റീഫനുമുണ്ടാകും.

## ബ്രിഗേഡിയർ പെൻഗ്വിൻ

ഇത് സർ നൈൽസ് ഒലവ്. ആളൊരു പെൻഗ്വിനാണെങ്കിലും കക്ഷിയുടെ റേഞ്ച് വേറെയാ. കാരണം കിംഗ് ഓഫ് നോർവേ സുരക്ഷാ സേന കക്ഷിക്ക് ബ്രിഗേഡിയർ പോസ്റ്റ് നൽകിയിരിക്കുകയാണ്. ഈഡൻബർഗ് മൃഗശാലയിലെ അന്തേവാസിയായ നൈൽസിന് പ്രത്യേക ചടങ്ങിലാണ് ഈ പദവി നൽകിയത്. പുതിയതായി അപ്പോയിന്റ് ചെയ്ത ഈ പറക്കാത്ത പക്ഷിക്ക് യൂണിഫോം ധരിച്ച പട്ടാളക്കാരുടെ സല്യൂട്ടും കിട്ടി.




സുവിശേഷീകരണത്തിനും ആധികാരിക വേദപുസ്തക പഠനത്തിനും

ടൈറ്റസ് കാർത്തികപ്പള്ളി
കേരള – 690516

9847232598
9847990939



| ചെയർമാൻ | ഡിറക്ടർ | വേദാഭിമാനി | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ – Rs.50 I മറ്റ് രാജ്യങ്ങൾ – Rs.2000 | വേദാഭിമാനി, കേരള 690516 |

**പൗ**ലൊസ് ഇങ്ങനെ പ്രാർത്ഥിച്ചു "അവരുടെ ഹൃദയദൃഷ്ടി പ്രകാശിച്ചിട്ട്" അവർ ഇതു കാണണം:

**1) അവിടുത്തെ വിളിയുടെ പ്രത്യാശ.**

**2) അവിടുത്തെ അവകാശത്തിന്റെ മഹിമാധനം**

**3) അവർക്കുവേണ്ടി വ്യാപരിക്കുന്ന അവിടുത്തെ ശക്തിയുടെ അളവറ്റ വലിപ്പം (എഫേ. 1:17-19).**




# വേദപുസ്തകപഠനവും ഹൃദയദൃഷ്ടിയുടെ പ്രകാശനവും

ഈ സത്യങ്ങൾ മനസ്സിലാക്കുവാൻ തന്റെ കത്ത് ഒരുപക്ഷേ 100 പ്രാവശ്യം വായിച്ചാലും മനസ്സിലാകണമെന്നില്ല. ഈ മഹത്തായ സത്യങ്ങളുടെ മേൽ പരുശുദ്ധാത്മാവിനാൽ വെളിപ്പാട് ലഭിക്കണമെന്നാണ് അദ്ദേഹം പ്രാർത്ഥിച്ചത്. വേദപുസ്തകത്തിലെ എബ്രായ, ഗ്രീക്കു വാക്കുകളുടെ അടിസ്ഥാന അർത്ഥം അറിഞ്ഞാലും ആത്മീയ അന്ധനായിരിക്കുവാനും ക്രിസ്തുവിൽ സ്വർഗ്ഗത്തിലുള്ള ഒരു ആത്മീയ അനുഗ്രഹം പോലും പ്രാപിക്കാതിരിക്കുവാനും സാധിക്കും.

പരിശുദ്ധാത്മാവിനാൽ വേദപുസ്തകത്തിന്മേൽ ഒരു വെളിപ്പാട് ലഭിച്ചാൽ കാര്യങ്ങൾ തികച്ചും വ്യത്യസ്തമാകും. നിങ്ങൾ ക്രിസ്തുവിനെ അറിയും. നിങ്ങൾ ക്രിസ്തുവിനെ പോലെയാകാൻ ശ്രമിക്കും. വേദപുസ്തകത്തിലെ ചെക്കുകൾ (ദൈവിക വാഗ്ദാനങ്ങൾ) സ്വർഗ്ഗത്തിലെ ബാങ്കിൽ നിന്നു മാറി ആത്മീയ സമ്പത്തുള്ള ഒരുവനായി തീരുവാൻ നിങ്ങൾക്കു കഴിയും. അതിനാൽ ഹൃദയദൃഷ്ടിയുടെ പ്രകാശനമില്ലാതെ വേദപുസ്തകം പഠിക്കാൻ ശ്രമിക്കരുത്. പരിശുദ്ധാത്മാവിൽ നിന്നും ദൈവിക മർമ്മങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടിയായിരിക്കണം നിങ്ങളുടെ വേദപുസ്തക പഠനം. ഹൃദയത്തിനു പകരം തലയ്ക്ക് ഊന്നൽ നൽകുന്നവർ നിങ്ങളെ വഴിതെറ്റിക്കുകയാണ്. ബുദ്ധിയും മനസ്സും ഉപയോഗിക്കുന്നതിനു ഞാൻ എതിരല്ല. ഞാൻ പഠിക്കുമ്പോഴും പ്രസംഗിക്കുമ്പോഴും എന്റെ മനസ്സിനെയും ബുദ്ധിയേയും വ്യാപകമായി ഉപയോഗിക്കാറുണ്ട്. അല്ലാത്തപക്ഷം എനിക്കു നിങ്ങളോടു സംസാരിക്കാൻ കഴിയുകയില്ല. എന്നാൽ ഞാൻ എന്റെ മനസ്സിനെ പരിശുദ്ധാത്മാവിന്റെ അടിമയാക്കിയിരിക്കുന്നു. നാം വേദപുസ്തകം പഠിക്കുമ്പോൾ നമ്മുടെ കണ്ണുകൾ ഉപയോഗിച്ചു വായിച്ചുകൊണ്ടാണ് തുടങ്ങുന്നത്. പിന്നീട് വചനം നമ്മുടെ മനസ്സിലേക്കു കടക്കുന്നു. എന്നാൽ പിന്നീട് ആ വചനം ജഡത്തെ തുളച്ച് ആത്മാവിലേക്കു കടക്കണം. അപ്പോഴാണ് പരിശുദ്ധാത്മാവ് നമുക്കു വെളിപ്പാട് നൽകുന്നത്.

പഴയ നിയമത്തിലെ മൂന്നു ഭാഗങ്ങളുള്ള സമാഗമന കൂടാരത്തിൽ ഇതിന്റെയൊരു ചിത്രം കാണാം. ദൈവവചനം വായിക്കുകയും കേൾക്കുകയും ചെയ്യുന്ന നമ്മുടെ ശരീരത്തെ സൂചിപ്പിക്കുന്നതാണ് പ്രാകാരം. അടുത്ത ഭാഗമായ വിശുദ്ധ സ്ഥലം സൂചിപ്പിക്കുന്നത് ദേഹിയെയാണ്. അതിലൂടെയാണ് നാം ദൈവവചനം മനസ്സിലാക്കുകയും (മനസ്സ്) ഉണർത്തപ്പെടുകയും (വികാരം) ചെയ്യുന്നത്. പിന്നീട് വരുന്ന അതിവിശുദ്ധ സ്ഥലം നമ്മുടെ ആത്മാവിനെ സൂചിപ്പിക്കുന്നു. അവിടെയാണ് ദൈവം നമുക്കു വെളിപ്പാടുകൾ നൽകി അവിടുത്തെ വചനത്തിന്റെ അനുസരണത്തിലേക്കു നമ്മെ നടത്തുന്നത്. വെളിപ്പാടുകൾ ലഭിക്കുമ്പോൾ മാത്രമാണ് നാം വാസ്തവത്തിൽ ദൈവവചനത്തിലൂടെ ദൈവത്തെ കേൾക്കുന്നത്. അപ്പോൾ മാത്രമേ ദൈവിക ഉദ്ദേശ്യം നമുക്കു നിവർത്തിയാക്കുവാൻ സാധിക്കൂ.

അതുകൊണ്ടു നിങ്ങളുടെ എല്ലാ വേദപുസ്തക പഠനവും വായിച്ചു മനസ്സിലാക്കുക എന്നതിനപ്പുറത്തേക്കു കടന്ന് അത് വെളിപ്പാടും അനുസരണവും ആകണം. യേശു മരിച്ചതിനാൽ തിരശ്ശീല ചീന്തപ്പെടുകയും നമുക്ക് അതിവിശുദ്ധ സ്ഥലത്തേക്കു പ്രവേശനം ലഭിക്കുകയും ചെയ്തിരിക്കുന്നു (എബ്രാ.10:20). പരീശന്മാർ തിരുവെഴുത്തുകൾ വേദപുസ്തകം വായിച്ചു മനസ്സിലാക്കിയിരുന്നു. എന്നാൽ അവർക്ക് അതിന്മേൽ വെളിപ്പാടുകളൊന്നും ലഭിച്ചില്ല. അതിനാൽ യേശുവിനെ ബെയ്ത്സബൂൽ എന്നും ഭൂതങ്ങളുടെ തലവനെന്നും ഒക്കെ വിളിച്ചു. എന്നാൽ പത്രൊസിനു ദൈവവചനത്തിന്മേൽ വെളിപ്പാടു ലഭിക്കുകയും യേശുവിനെ മിശിഹായായി കാണുകയും ചെയ്തു.

ദൈവം നമ്മെ വിളിച്ചിരിക്കുന്ന വിളിയുടെ പ്രത്യാശ ഏതെന്നു നാം അറിയണമെന്നു പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നു. ഒരിക്കൽ ഇതു കണ്ടു കഴിഞ്ഞാൽ ലോകത്തിന്റെ സകല അശുദ്ധിയോടുമുള്ള നിങ്ങളുടെ മനോഭാവത്തെ അതു മാറ്റും. വിശുദ്ധരായിരിപ്പാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

ഒരു ശസ്ത്രക്രിയ നടത്തുവാൻ തയ്യാറെടുത്തു നിൽക്കുന്ന ഒരു ഡോക്ടറെ കുറിച്ച് ഓർക്കുക. അയാൾ തന്റെ കൈകൾ പൂർണ്ണശുദ്ധി വരുത്തിയിട്ടായിരിക്കും നിൽക്കുന്നത്. അല്ലാത്തപക്ഷം അയാളുടെ കൈകളിലെ രോഗാണുക്കൾ രോഗിയെ മരണത്തിലേക്കു നയിക്കാം. ഏതെങ്കിലും ശസ്ത്രക്രിയാ ഉപകരണം താഴെ വീണാൽ ഡോക്ടർ അത് എടുക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നില്ല. നമ്മുടെ ദൃഷ്ടിയിൽ അതു വളരെ ശുദ്ധിയുള്ളതായിരിക്കും. എന്നാൽ അതു നിലത്തു വീണതിനാൽ തറയിലെ അണുക്കൾ അതിൽ പ്രവേശിച്ചിട്ടുണ്ടാകും. ഒരു ക്രിസ്ത്യാനി ഈ ലോകത്തു ജീവിക്കുമ്പോൾ വിശുദ്ധിക്കായി ഇതുപോലെ 100% എരിവുള്ളവനായിരിക്കണം.

മറ്റുള്ളവർക്കു പലവിധ ലൗകിക സുഖഭോഗങ്ങളിൽ ഏർപ്പെടാം. എന്നാൽ നമ്മെ ദൈവം വിശുദ്ധമായൊരു ഉദ്ദേശ്യത്തോടെ വിളിച്ചിരിക്കുന്നു. നാം അതു നിറവേറ്റണം.

# യേശു ദൈവമോ? മനുഷ്യനോ?

**'... വചനം ദൈവമായിരുന്നു... വചനം ജഡമായിത്തീർന്നു കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു' (യോഹ.1:1,14).**

യോഹന്നാൻ തന്റെ സുവിശേഷം എഴുതി തുടങ്ങുകയാണ്. തുടക്കത്തിൽ തന്നെ കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലല്ല, മറിച്ച് ഞങ്ങൾ കണ്ട കാര്യങ്ങളാണിവ എന്നുപറഞ്ഞ്, സുവിശേഷത്തിന്റെ ആധികാരികത യോഹന്നാൻ സ്വയം സാക്ഷ്യപ്പെടുത്തുകയാണ്. 'ഞങ്ങൾ സ്വന്ത കണ്ണുകൊണ്ടു കണ്ടതും,' 'ഞങ്ങൾ നോക്കിയതും' എന്നു പറഞ്ഞാണല്ലോ തന്റെ ആദ്യ ലേഖനവും അദ്ദേഹം ആരംഭിക്കുന്നത് (1:1). അവിടെയും താൻ എന്താണു കണ്ടതും നോക്കിയതും കേട്ടതും തൊട്ടതും? അതു പിതാവിനോടു കൂടെയിരുന്ന പ്രത്യക്ഷമായ ജീവനെക്കുറിച്ചാണു സാക്ഷീകരിക്കുന്നത് എന്നു തൊട്ടടുത്ത വാക്യത്തിൽ വിശദീകരിക്കുന്നു (1:2).



എന്തിനാണു യോഹന്നാൻ ദൈവം (വചനം, ജീവൻ) ജഡത്തിൽ വെളിപ്പെട്ടു എന്നതു തികച്ചും സത്യമാണെന്നും തങ്ങൾ അതു കണ്ടും നോക്കിയും തൊട്ടും കേട്ടും ബോധ്യപ്പെട്ടതാണെന്നും ഇത്രയേറെ ഊന്നിപ്പറയുന്നത്? യോഹന്നാൻ, സുവിശേഷവും ലേഖനങ്ങളും എഴുതിയ പശ്ചാത്തലം മനസ്സിലായാലേ ഇക്കാര്യം വ്യക്തമാകൂ.

രക്തസാക്ഷി മരണത്തിൽ നിന്നു രക്ഷപ്പെട്ട് തൊണ്ണൂറിൽപരം വയസ്സുവരെ ജീവിച്ചിരുന്ന യോഹന്നാൻ, ഒടുവിൽ സുവിശേഷവും ലേഖനങ്ങളും എഴുതുമ്പോഴേക്കും ക്രിസ്തീയലോകത്തു നോസ്റ്റിക്ക് (gnostic) ചിന്താഗതി നുഴഞ്ഞു കയറിയിരുന്നു. ഭൗതിക വസ്തു അശുദ്ധമാണെന്നതാണു നോസ്റ്റിക് ചിന്തയുടെ കാതൽ. വിശുദ്ധനായ ദൈവത്തിനു ഭൗതിക വസ്തുകൊണ്ടുള്ള ശരീരമില്ല. അങ്ങനെയെങ്കിൽ ദൈവം സ്വന്തം പുത്രനായ യേശുവിനു ഭൗതിക ശരീരം കൊടുക്കുമോ? ഇല്ല. അപ്പോൾ യേശുവിന്റെ കാണപ്പെട്ട ശരീരം യഥാർത്ഥമായിരുന്നില്ല. അതു ഒരു മായയായിരുന്നു. യേശുവിന്റെ കാണപ്പെട്ട ശരീരം മായക്കാഴ്ചയാണെന്നുള്ള നോസ്റ്റിക്കുകളുടെ വിശ്വാസത്തെ ഡോസെറ്റിസം (Docetism) എന്നാണു പറയുന്നത്. ഗ്രീക്കിലെ Docko (കാണപ്പെടുക) എന്ന പദത്തിൽ നിന്നാണത്രേ ആ പേരുണ്ടായത്.

ഗ്രീക്കുകാരുടെ ഡോസെറ്റിക് ചിന്താഗതി ക്രിസ്തീയലോകത്തു വേരുപിടിക്കുന്നതിന്റെ 'അപകടം' നല്ലതുപോലെ മനസ്സിലാക്കിക്കൊണ്ടാണു യോഹന്നാൻ സുവിശേഷങ്ങളും ലേഖനങ്ങളും എഴുതുന്നത്. അതുകൊണ്ടുതന്നെ യേശുവിന്റെ ഭൂമിയിലെ ശരീരം മായക്കാഴ്ചയല്ലായിരുന്നു, യഥാർത്ഥമായിരുന്നു എന്നു സ്ഥാപിക്കാൻ അദ്ദേഹം ദൃക്സാക്ഷികളായി തങ്ങളെത്തന്നെ കൊണ്ടുവരുന്നു. "ഇല്ല. അത് ഒരു മായയാരിരുന്നില്ല. ദൈവം ജഡമായിത്തീർന്നു... ഞങ്ങളുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ്... കണ്ടു. ആ ജീവന്റെ വചനം ഞങ്ങൾ കേട്ടു. സ്വന്ത കണ്ണുകൊണ്ടു കണ്ടു... ഞങ്ങൾ നോക്കി... ഞങ്ങളുടെ കൈ തൊട്ടു. ഞങ്ങൾ കണ്ടും കേട്ടുമുള്ളതു നിങ്ങളോടു അറിയിക്കുന്നു".

തുടർന്ന് യേശുക്രിസ്തു യഥാർത്ഥ ജഡത്തിലല്ല വന്നതെന്നു വിശ്വസിക്കുന്ന, ഡൊസെറ്റിസത്തിന്റെ ദുരുപദേശത്തിൽപ്പെട്ടവർക്കെതിരെ യോഹന്നാൻ ശക്തമായ താക്കീതും സഭയിലുള്ളവർക്കു മുന്നറിയിപ്പും നൽകുന്നു. "ദൈവാത്മാവിനെ ഇതിനാൽ അറിയാം. യേശുക്രിസ്തു ജഡത്തിൽ വന്നു എന്നു സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽ നിന്നുള്ളത്. യേശുവിനെ സ്വീകരിക്കാത്ത യാതൊരു ആത്മാവും ദൈവത്തിൽ നിന്നുള്ളതല്ല. അത് എതിർക്രിസ്തുവിന്റെ ആത്മാവു തന്നെ" (1 യോഹ.4:2). "യേശുക്രിസ്തു ജഡത്തിൽ വന്നു എന്നു സ്വീകരിക്കാത്ത വഞ്ചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കുന്നു. വഞ്ചകനും എതിർക്രിസ്തുവും ഇങ്ങനെയുള്ളവൻ ആകുന്നു... ഒരുത്തൻ ഈ ഉപദേശവും കൊണ്ട് അല്ലാതെ നിങ്ങളുടെ അടുക്കൽ വന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്. അവനു കുശലം പറയുകയും അരുത്" (2 യോഹ.7,10).


ക്രിസ്തീയ ലോകത്തേക്കു നുഴഞ്ഞു കയറുന്ന വിപരീതോപദേശങ്ങൾക്കെതിരെ എത്ര വീറോടെയാണു യോഹന്നാൻ നിലയുറപ്പിക്കുന്നതെന്നു നോക്കൂ. കാരണം അന്നു ഇതിനെതിരെ മുന്നറിയിപ്പു നൽകാൻ മറ്റ് അപ്പൊസ്തലന്മാരുണ്ടായിരുന്നില്ല. (പുതിയ നിയമ പുസ്തകങ്ങളിൽ കാലക്കണക്കു നോക്കിയാൽ ഏറ്റവും ഒടുവിലായി എഴുതിയ പുസ്തകങ്ങളുടെ കർത്താവാണല്ലോ യോഹന്നാൻ). എന്നാൽ യോഹന്നാനു ശേഷവും ഡോസെറ്റിസത്തിന്റെ സ്വാധീനം ക്രിസ്തീയ ലോകത്തുണ്ടായിരുന്നു. ഇന്നും തങ്ങൾ പൂർണ്ണമായും ക്രിസ്തീയ ഉപദേശത്തിന്റെ വക്താക്കളാണെന്ന് അവകാശപ്പെടുന്നവരിൽ പോലും ഇതിന്റെ സ്വാധീനം പല തലങ്ങളിൽ നമുക്കു കാണാൻ കഴിയും. അതുകൊണ്ടു തന്നെ ഇതു ഗൗരവമായി പഠിക്കേണ്ടതുണ്ട്.

യേശുക്രിസ്തു ജഡത്തിൽ വന്നതു സംബന്ധിച്ച് മൊത്തത്തിൽ നാലു ചിന്താധാരകളാണുള്ളത്. 1) യേശുവിൽ മനുഷ്യത്വത്തെക്കാൾ ദൈവത്വമാണുണ്ടായിരുന്നത്. 2) ദൈവത്വത്തെക്കാൾ മനുഷ്യത്വമാണുള്ളത്. 3) യേശു ഭാഗിക മനുഷ്യനും ഭാഗിക ദൈവവുമായിരുന്നു. 4) യേശു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും - ഇവയാണ് ആ നാലു ചിന്താഗതികൾ.

ഇതിൽ യേശു പൂർണ ദൈവവും പൂർണ മനുഷ്യനും എന്നതാണു ദൈവവചനത്തിലെ സത്യവും ക്രിസ്തീയ ഉപദേശവും. യോഹന്നാൻ ഉൾപ്പെടെയുള്ള അപ്പൊസ്തലന്മാർ ഈ സത്യത്തിനു വേണ്ടിയാണു നിലകൊണ്ടത്. ഒന്നാം നൂറ്റാണ്ടിലെ സഭ ഇതൊരു കീർത്തനമായി പാടിയിരുന്നതു 1 തിമൊഥെയോസ് 3:16-ൽ രേഖപ്പെടുത്തിയിരിക്കുന്നു. 'അവൻ ജഡത്തിൽ വെളിപ്പെട്ടു, ആത്മാവിൽ നീതീകരിക്കപ്പെട്ടു...'

യേശു പൂർണ ദൈവവും പൂർണ മനുഷ്യനുമായിരുന്നു. കഴിഞ്ഞകാല നിത്യതയിലും വരാൻ പോകുന്ന നിത്യതയിലും അവിടുന്നു ദൈവമാണ്. യേശു ഭൂമിയിൽ വന്നപ്പോഴും ദൈവമായിരുന്നു. അതുകൊണ്ടാണല്ലോ അവിടുന്ന് ആരാധന സ്വീകരിച്ചതും (മത്താ. 2:11, 8:2, 9:18, 14:33, 15:25, 20:20; യോഹ.9:38). മറ്റുള്ളവരുടെ പാപം ക്ഷമിച്ചുകൊടുത്തതും (മർക്കൊ.2:10). (തുടരും)



# പാതിരാ സൂര്യൻ

ഭൂഗോളത്തിന്റെ ഏറ്റവും വടക്കു ഭാഗത്തിന് ഒരു പ്രത്യേകതയുണ്ട്. വേനൽക്കാലത്ത് ഇവിടെ ദിവസങ്ങളുടെ നീളം വളരെ കൂടുതൽ ആയിരിക്കും എന്ന് മാത്രമല്ല, പാതിരാവിൽ പോലും സൂര്യൻ പൂർണമായി അസ്തമിക്കുകയുമില്ല. ചെറിയ തോതിൽ വെളിച്ചമുള്ള രാത്രികളാണ് അപ്പോൾ ഉണ്ടാവുക. ഈ പ്രത്യേകതയെ മിഡ്നൈറ്റ് സൺ അഥവാ പാതിരാ സൂര്യൻ എന്നാണു വിളിക്കുന്നത്. ഏതാണ്ട് ആറുമാസം വരെ ഇവിടെ പാതിരാ സൂര്യനെ കാണാൻ കഴിയും.

നോർവേ, ഫിൻലൻഡ്, സ്വീഡൻ, ഗ്രീൻലാൻഡ്, കാനഡ തുടങ്ങിയ രാജ്യങ്ങളും അലാസ്കയുടെയും റഷ്യയുടെയും ചില ഭാഗങ്ങളുമൊക്കെ പാതിരാസൂര്യൻ കാണപ്പെടുന്ന പ്രദേശങ്ങളാണ്. അതിനാൽ ഈ പ്രദേശങ്ങളെയെല്ലാം പാതിരാ സൂര്യന്റെ നാട് എന്ന് ആലങ്കാരികമായി വിളിക്കാറുണ്ട്.

ടൂറിസ്റ്റ് ഭൂപടങ്ങളിലും പൊതുവിജ്ഞാന പുസ്തകങ്ങളിലുമൊക്കെ പാതിരാ സൂര്യന്റെ നാട് എന്ന വിശേഷണത്തോടെ നോർവേ, ഫിൻലൻഡ് എന്നീ രണ്ട് രാജ്യങ്ങളെയാണ് പ്രധാനമായും പരാമർശിക്കാറുള്ളത്.



# ഉറുമ്പ് പുരാണം

- ലോകത്താകെ 12,000–ത്തിലധികം ഇനത്തിൽപെട്ട ഉറുമ്പുകളുണ്ട്.
- ഒരുറുമ്പിന് അതിനേക്കാൾ ഇരുപതു മടങ്ങ് ഭാരമുള്ള സാധനങ്ങൾ ചുമക്കാൻ കഴിയും. ഒരു രണ്ടാംക്ലാസ്സുകാരൻ ബൈക്ക് എടുത്ത് പൊക്കുംപോലെയിരിക്കും ഇത്.
- ചിലയിനം റാണിയുറുമ്പുകൾ വർഷങ്ങളോളം ജീവിക്കും. ദശലക്ഷക്കണക്കിന് മുട്ടകളും ഇടും.
- ഉറുമ്പുകൾ കാലുകൾകൊണ്ടാണ് കേൾക്കുന്നത്.
- ഉറുമ്പിന് രണ്ട് ആമാശയങ്ങളുണ്ട്.
- ദിനോസറുകളുടെ കാലത്തും ഉറുമ്പുകൾ ഉണ്ടായിരുന്നു.
- ഓരോ മനുഷ്യനെയും ലക്ഷക്കണക്കിന് ഉറുമ്പുകൾകൊണ്ട് പകരം വെക്കാം.
- ഒരു ഉറുമ്പുകോളനിയിലെ ജോലിക്കാരും യോദ്ധാക്കളും നേതാവുമെല്ലാം പെണ്ണുറുമ്പുകളാണ്.
- പല ഉറുമ്പുവർഗത്തിനും കണ്ണുകൾ ഇല്ല.
- ഉറുമ്പുകൾ പരസ്പരം മുഖം ഉരുമ്മുന്നത് കണ്ടിട്ടില്ലേ? അത് യഥാർത്ഥത്തിൽ ഒന്ന് മറ്റൊന്നിനെ തീറ്റുകയാണ്. ഭക്ഷണം തേടിപ്പോവാൻ സാധിക്കാത്ത കാവൽക്കാരികളെയും മറ്റുമാണ് ജോലിക്കാരികൾ ഇങ്ങനെ തീറ്റുന്നത്.
- ഉറുമ്പുകൾ തുടർച്ചയായി ഉറങ്ങാറില്ല. ഇടയ്ക്കിടെയാണ് ഉറങ്ങുക.
- ഉറുമ്പുകൾ യുദ്ധത്തിലേർപ്പെട്ടാൽ രണ്ടിലൊരാൾ ചത്തിട്ടേ നിർത്തുകയുള്ളു.



# നല്ല പുസ്തകം ഡോട്ട് കോം

നല്ല പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വായിക്കണമെന്ന് എല്ലാവരും പറയാറില്ലേ? സ്കൂൾ ലൈബ്രറിയിലും ഇന്റർനെറ്റിലുമെല്ലാം ഒരുപാട് പുസ്കങ്ങൾ കിട്ടാനുണ്ട്. ഇതിൽനിന്ന് ഏറ്റവും നല്ലത് കണ്ടെത്തുന്നതെങ്ങനെ?

അതിനുമുണ്ട് വെബ്സൈറ്റ്! നല്ല പുസ്തകങ്ങളുടെ വിവരങ്ങളുള്ള വലിയൊരു സൈറ്റാണ് goodreads.com. ഭാഷയും സ്വഭാവവുമെല്ലാം അടിസ്ഥാനമാക്കിയുള്ള പട്ടികകളും വായനക്കാരുടെ അഭിപ്രായങ്ങളുമാണ് ഇതിനെ വ്യത്യസ്തമാക്കുന്നത്. Must read classics goodreads, must read malayalam books goodreads എന്നിങ്ങനെയെല്ലാം ഗൂഗിളിൽ തിരഞ്ഞും ഈ സൈറ്റിലെത്താം.




# ഇതാണ് കവിത

കഴിഞ്ഞലക്കം തുടർച്ച

**Image** : കവിതകളിലെ മറ്റൊരു പ്രധാന ഘടകം അതിലെ ബിംബങ്ങളാണ് (Images). കവിത വായിക്കുമ്പോൾ പഞ്ചേന്ദ്രിയങ്ങളിലൂടെ (കണ്ണ്, മൂക്ക്, നാക്ക്, ത്വക്ക്, ചെവി) അത് അനുഭവിക്കാനുള്ള ഉചിതമായ പദപ്രയോഗങ്ങൾ ആവണം ഉപയോഗിക്കേണ്ടത്. പ്രധാനമായും അഞ്ചുതരം ബിംബങ്ങൾ ഉണ്ട്, Visual Image (കാണാനാവുന്നത്), Auditory Image (കേൾക്കാനാകുന്നത്), Tactile Image (സ്പർശിച്ചറിയാവുന്നത്), Olfactory Image (മണത്തറിയാവുന്നത്), Gustatory Image (രുചിച്ചറിയാവുന്നത്). ആലങ്കാരികമായ ഇത്തരം പ്രതിബിംബങ്ങളുണ്ടെങ്കിലേ കവിത സഹൃദയന് ആസ്വാദ്യമാകൂ.




The peasants came like swarms of flies
And buzzed the Name of God a hundred
Time to paralyse the Evil One
With candles and with lanterns

ഈ കാവ്യശകലത്തിൽ peasants came like swarms എന്ന പ്രയോഗം visual image ഉം buzzed the name of God എന്ന പ്രയോഗം auditory images ഉം candles ന്റെ ഗന്ധം Olfactory images ഉം ഒക്കെ തരാൻ പോന്ന ആലങ്കാരിക പ്രയോഗമാണ്.

**Symbolism** : Symbolism അഥവാ പ്രതിരൂപാത്മകത്വമാണ് കവിതയുടെ മറ്റൊരു പ്രത്യേകത. ഒരു വാക്കോ ഒരു കൂട്ടം വാക്കോ ആ വാക്കിന്റെ അർഥമല്ല മറ്റേതോ അർഥാംശങ്ങളിലേക്കാണ് വായനക്കാരനെ കൊണ്ടുപോകുന്നതെങ്കിൽ അതാണ് പ്രതിരൂപാത്മകത.

Once these thorns were flowers
I (cactus) loathe lovers who betray...

ഇതിൽ ഞാൻ അഥവാ cactus (കള്ളിച്ചെടി) അടിച്ചമർത്തപ്പെട്ടവരുടെ പ്രതീകമാണ്. (ഈ മുള്ളുകൾ എനിക്ക് ഒരിക്കൽ പൂക്കളായിരുന്നു; ചതിക്കുന്ന സ്നേഹിതരെ എനിക്കുവേണ്ട).

കവിതകൾ തന്നെ പലവിധമുണ്ട്. Epic (മഹാകാവ്യം), Simple Narrative poems (കഥാകാവ്യങ്ങൾ), Verse Essay, Ode (അർച്ചനാലാപകാവ്യം) Lyric (ഭാവഗാനം), Epigram (പരിഹാസ ലഘുകവിത), Ballad (വീരഗാഥ), Monologue (ആത്മഭാഷണ കവിത), Limerick (ഹാസ്യകവിത) തുടങ്ങിയവ ഉദാഹരണങ്ങൾ, കവിതയുടെ പ്രത്യേകതയറിഞ്ഞു പഠിക്കുമ്പോഴേ കവിതാ രചനയും വായനയും രസകരവും ഫലവത്തുമാകൂ.

# ആയുസ്സെടുക്കും മരുന്ന്!

ചൈനക്കാരാണ് വെടിമരുന്ന് കണ്ടുപിടിച്ചത്. വളരെക്കാലം ജീവിച്ചിരിക്കാനുള്ള മരുന്നുണ്ടാക്കാനുള്ള ഒരു ശാസ്ത്രജ്ഞന്റെ പരീക്ഷണത്തിനിടെ അബദ്ധത്തിലാണ് വെടിമരുന്ന് കണ്ടുപിടിക്കപ്പെട്ടത്. പിന്നീട് ലോകമെമ്പാടും ലക്ഷക്കണക്കിന് ആളുകളുടെ ജീവനാണ് വെടിമരുന്നുകൊണ്ട് നഷ്ടമായത്.



# കുനോട്ടിന്റെ ആവി വണ്ടി



ആവി ശക്തി കൊണ്ടോടുന്ന ആദ്യത്തെ വാഹനം ഫ്രഞ്ചുകാരനായ നിക്കോളാസ് കുനോട്ടാണ് നിർമിച്ചത്. പക്ഷേ, ആദ്യയാത്രയിൽ തന്നെ കുനോട്ടിന്റെ മൂന്നു ചക്രമുള്ള ആവി വണ്ടി മതിലിൽ ഇടിച്ചു തകർന്നു.



# ദീർഘക്ഷമയോടെ കാത്തിരിക്കുന്ന ദൈവം



ജീവവചനം 3
ടി.എം.വർഗ്ഗീസ് ഓതറ

**"ഭൂമി അതിലെ നിവാസികളാൽ മലിനമായിരിക്കുന്നു" (യെശ.24:5).**

"ചൂളപോലെ കത്തുന്ന ഒരു ദിവസം വരും. അപ്പോൾ അഹങ്കാരികളൊക്കെയും, സകല ദുഷ്പ്രവർത്തിക്കാരും താളടിയാകും. വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു (മലാ.4:1)". ഭൂമിയിൽ വരുവാൻ പോകുന്ന ന്യായവിധി ഒരു യാഥാർത്ഥ്യമാണ്. അങ്ങനെ സംഭവിക്കുകതന്നെ ചെയ്യും. അതുകൊണ്ട് സുവിശേഷത്തിൽ വിശ്വസിച്ച് യേശുവിനെ കർത്താവും രക്ഷിതാവുമായി ഹൃദയത്തിൽ സ്വീകരിച്ച് രക്ഷിക്കപ്പെട്ടാൽ വരുവാൻ പോകുന്ന ന്യായവിധിയിൽ നിന്നും രക്ഷപെടാം.

ദൈവം എത്ര ദീർഘക്ഷമയുള്ളവൻ എന്നു കാണിക്കുന്ന ചില സംഭവങ്ങൾ കൂടെ നമുക്ക് പരിശോധിക്കാം:

യിസ്രായേൽ മക്കൾ മിസ്രയീം ദേശത്തുനിന്നും പുറപ്പെട്ടതിന്റെ മൂന്നാം മാസത്തിൽ അവർ സീനായി മരുഭൂമിയിൽ പാളയമിറങ്ങി കിടക്കുമ്പോൾ ദൈവം തന്റെ കല്പനകൾ കൊടുക്കുന്നതിനായി മോശെയെ വിളിച്ചു (പുറ.19:1-3). മോശെ ദൈവത്തിന്റെ അടുക്കൽ കയറിച്ചെന്നു. അങ്ങിനെ നാല്പതു പകലും നാല്പതു രാവും മോശെ ദൈവസന്നിധിയിൽ ആയിരുന്നു. എന്നാൽ മോശെ പർവ്വതത്തിൽ നിന്നും ഇറങ്ങിവരുവാൻ താമസിക്കുന്നു എന്നു ജനം കണ്ടപ്പോൾ അവർ അഹരോന്റെ അടുക്കൽ വന്നിട്ട് പറയുന്നു: അവരുടെ മുമ്പിൽ നടക്കേണ്ടതിനു ഒരു ദൈവത്തെ ഉണ്ടാക്കി തരിക; ഈ മോശെക്കു എന്തു ഭവിച്ചു എന്ന് ഞങ്ങൾ അറിയുന്നില്ല (പുറ.32:1). മോശെക്കുവേണ്ടി നാല്പതു ദിവസം കാത്തിരിക്കുവാനുള്ള ക്ഷമ ഈ ജനത്തിനു ഇല്ലാതെപോയി. നോക്കുക പെട്ടകം ഒരുക്കുന്ന സമയം ദൈവം നൂറ്റിയിരുപതു വർഷത്തോളം ക്ഷമയോട് കാത്തിരുന്നത്.



മിസ്രയീമിൽവെച്ച് യഹോവയുടെ മഹാത്ഭുതങ്ങൾ കണ്ട ജനം, ചെങ്കടലിനെ വിഭാഗിച്ച് അതിൽകൂടി അക്കരെ കടന്ന ജനം വെറും മൂന്നുമാസം കൊണ്ട് അവരെ നടത്തിയ ദൈവത്തെ ത്യജിച്ച് ഇതാ കാളക്കുട്ടിയെ ഉണ്ടാക്കി അതിന്റെ മുമ്പിൽ യാഗം കഴിച്ച് ആരാധിക്കുന്നു. യഹോവയുടെ കോപം അവരുടെ നേരെ ജ്വലിച്ചിട്ട് അവരെ ദഹിപ്പിച്ചുകളയുവാൻ ദൈവം തീരുമാനിച്ചു (പുറ.32:10). അപ്പോൾ മോശെ ഇടുവിൽ നിന്ന് തന്റെ ജനത്തോടു ക്ഷമിക്കണമേ എന്നു കേണപേക്ഷിച്ചതിനാൽ യഹോവ തന്റെ ഉഗ്രകോപം വിട്ടുതിരിഞ്ഞ് ജനത്തിനു വരുത്തുമെന്നു പറഞ്ഞ അനർത്ഥത്തെക്കുറിച്ച് അനുതപിച്ചു. ദൈവത്തെ ത്യജിച്ച് കാളക്കുട്ടിയെ ആരാധിക്കുന്നതു കണ്ടപ്പോൾ മോശെക്കും ഉഗ്രകോപം ഉണ്ടായി. തന്റെ കയ്യിലിരുന്ന ദൈവത്തിന്റെ കല്പനകൾ എഴുതിയ പലകകൾ എറിഞ്ഞു പൊട്ടിച്ചതിനു പകരമായി വേറെ രണ്ടു കല്പലകൾ ചെത്തി, യഹോവ തന്നോടു കല്പിച്ചതുപോലെ സീനായി പർവ്വതത്തിൽ കല്പലകയുമായി കയറിച്ചെന്നു. അപ്പോൾ യഹോവ അവന്റെ മുമ്പാകെ കടന്നു ഘോഷിച്ചത്: യഹോവയായ ദൈവം കരുണയും കൃപയുമുള്ളവൻ; ദീർഘക്ഷമയും മഹാദയയും വിശ്വസ്തതയുമുള്ളവൻ. ആയിരം ആയിരത്തിനു ദയ പാലിക്കുന്നവൻ; അകൃത്യവും അതിക്രമവും പാപവും ക്ഷമിക്കുന്നവൻ... (പുറ.34:6-7). മഹാപാപം ചെയ്ത് ദൈവത്തെ കോപിപ്പിച്ച ജനത്തെ സംഹരിക്കുവാൻ തീരുമാനിച്ച ദൈവത്തിന്റെ ദയയും ദീർഘക്ഷമയും എത്രയെന്നു കാണുക.

ദൈവത്തിന്റെ ദീർഘക്ഷമ വെളിപ്പെടുത്തിയ മറ്റൊരു സംഭവം കൂടി ഉദ്ധരിക്കുന്നു. യിസ്രായേൽമക്കൾ കൈവശമാക്കുവാൻ പോകുന്ന ദേശം ഉറ്റുനോക്കേണ്ടതിനു ഓരോ ഗോത്രത്തിൽ നിന്നും ഓരോ പ്രഭുക്കന്മാരെ അഥവാ തലവന്മാരെ മോശെ തിരഞ്ഞെടുത്തയച്ചു. അവർ നാല്പതു ദിവസം കൊണ്ട് ദേശം ഉറ്റുനോക്കിയ ശേഷം ദേശത്തിലെ ഫലങ്ങളുമായി മടങ്ങിവന്നു. എന്നാൽ പന്ത്രണ്ടുപേരിൽ പത്തുപേരും ദുർവർത്തമാനം പറഞ്ഞ് ജനത്തിന്റെ ഹൃദയം ഉരുകുമാറാക്കി. ഇത്രയും നാൾ അവരെ നടത്തിയ സർവ്വശക്തനായ യഹോവയിൽ ആശ്രയിക്കാതെ അവിശ്വാസികളായി തീർന്നു. അവർ മോശെക്കും അഹരോനും വിരോധമായി പിറുപിറുക്കുവാനും കരയുവാനും തുടങ്ങി. അവർ മോശെക്കു പകരം ഒരു തലവനെ നിശ്ചയിച്ച് മിസ്രയീമിലേക്കു മടങ്ങിപ്പോകുവാൻ തീരുമാനിച്ചു. യഹോവയിൽ പൂർണ്ണമായി ആശ്രയിച്ചവരായ യോശുവയും കാലേബും വിശ്വാസത്തിന്റെ വാക്കുകൾ പറഞ്ഞ് ധൈര്യപ്പെടുത്തിയെങ്കിലും ജനം അവരെ കല്ലെറിയേണം എന്നു പറഞ്ഞു. അപ്പോൾ യഹോവയുടെ കോപം ജ്വലിച്ചിട്ട് അവിശ്വാസികളായവരെ എല്ലാം മഹാമാരിയാൽ ദണ്ഡിപ്പിച്ചു സംഹരിപ്പാൻ തീരുമാനിച്ചപ്പോൾ മോശെ ജനത്തിനുവേണ്ടി ഇടുവിൽനിന്നു പറഞ്ഞത്: നിന്റെ മഹാദയയ്ക്കു തക്കവണ്ണം മിസ്രയീം മുതൽ ഇവിടംവരെ ഈ ജനത്തോടു നീ ക്ഷമിച്ചുവന്നതുപോലെ ഈ ജനത്തിന്റെ അകൃത്യം ക്ഷമിക്കേണമേ. യഹോവ ദീർഘക്ഷമയും മഹാദയയും ഉള്ളവൻ; അകൃത്യവും ലംഘനവും ക്ഷമിക്കുന്നവൻ... എന്നിങ്ങനെ നീ അരുളിച്ചെയ്തതുപോലെ കർത്താവേ, ഇപ്പോൾ നിന്റെ ശക്തി വലുതായിരിക്കേണമേ. അതിനു യഹോവ അരുളിച്ചെയ്തത്: "നിന്റെ അപേക്ഷപ്രകാരം ഞാൻ ക്ഷമിച്ചിരിക്കുന്നു" (സംഖ്യ.14:17-20)

നീണ്ട നാല്പതു വർഷക്കാലത്തെ മരുഭൂപ്രയാണത്തിൽ, ദൈവത്തിന്റെ ദീർഘക്ഷമ നല്ലവണ്ണം അനുഭവിച്ചറിഞ്ഞ ജനമാണ് യിസ്രായേൽ മക്കൾ. യഹോവയോടു പാപം ചെയ്ത ജനം എല്ലാം മരുഭൂമിയിൽ പട്ടുപോയി എങ്കിലും, ദൈവം ദീർഘക്ഷമയുള്ളവനാകയാൽ അബ്രഹാമിനോടും, യിസ്ഹാക്കിനോടും യാക്കോബിനോടും വാഗ്ദത്തം ചെയ്തപ്രകാരം തന്റെ ജനത്തെ വാഗ്ദത്ത നാട്ടിൽ കൊണ്ടെത്തിച്ചു.

നോഹയുടെ കാലത്തു ദൈവം ദീർഘക്ഷമയോടെ കാത്തിരുന്നതുപോലെ ദൈവം ഇന്നും ദീർഘക്ഷമയോടെ കാത്തിരിക്കുന്നതിന്റെ കാരണം എന്തെന്ന് നാം അറിയണം.

(തുടരും

# ദൈവത്തിന്റെ മനോഭാവം






**പാ**പത്തോടുള്ള നമ്മുടെ മനോഭാവം എന്തായിരിക്കണം? പാപത്തെ വളരെ ലഘുവായി കാണുന്നവരാണ് അനേക വിശ്വാസികളും. അതിനാൽ അതിൽനിന്ന് നിശ്ശേഷം മാറിയിരിക്കേണ്ട ആവശ്യകത അവർക്ക് തോന്നാറില്ല. ദൈവം പാപത്തെ എങ്ങനെ കാണുന്നുവോ അങ്ങനെതന്നെ നാമും കാണാൻ ശ്രമിക്കേണ്ടതാവശ്യമാണ്.

പാപമാണ് ദൈവത്തെയും മനുഷ്യനെയും തമ്മിൽ ഭിന്നിപ്പിച്ചത്. ദൈവത്തോടുള്ള സ്നേഹക്കൂട്ടായ്മയിൽ വസിക്കുവാനായി സൃഷ്ടിക്കപ്പെട്ട മനുഷ്യന് ആ കൂട്ടായ്മ നഷ്ടമായത് പാപം നിമിത്തമാണ്. നീതിമാനായ ദൈവത്തിന് പാപം യാതൊരുനിലയിലും സഹിക്കുവാൻ കഴിയുന്ന ഒന്നായിരുന്നില്ല. അതിനാൽ ഏദൻതോട്ടത്തിൽനിന്ന് ദൈവം ആദിമനുഷ്യനെ പുറത്താക്കി. ഈ കാര്യം നാം മറക്കുവാൻ പാടില്ല. ദൈവത്തോടുള്ള നമ്മുടെ കൂട്ടായ്മയെത്തന്നെ അറുത്തുകളയുന്ന, ഒന്നായി നാം പാപത്തെ കാണേണ്ടിയിരിക്കുന്നു.

പാപത്തെ ദൈവം എങ്ങനെ വീക്ഷിക്കുന്നു എന്ന് കാൽവറിയിലെ ക്രൂശിൽ നമുക്കു കാണുവാൻ കഴിയും. ദൈവത്തിന്റെ ഭയങ്കരമായ ശിക്ഷാവിധി വിളിച്ചു വരുത്തുന്ന ഒന്നായി പാപത്തെ നാം അവിടെ കാണുന്നു. പാപത്തോടുള്ള ദൈവത്തിന്റെ വെറുപ്പും അതിന്റെമേലുള്ള ദൈവത്തിന്റെ ക്രോധവും കാൽവറിക്രൂശ് നമ്മെ പഠിപ്പിക്കുന്നു. തന്റെ സ്വന്തപുത്രനാണ് ക്രൂശിൽ കിടക്കുന്നത് എന്നിരിക്കിലും യാതൊരു ദാക്ഷണ്യവും അവനോട് കാണിക്കുവാൻ ദൈവം കൂട്ടാക്കാതിരുന്നത് സകല മനുഷ്യവർഗ്ഗത്തിന്റെയും പാപം ദൈവം ആ സമയത്ത് പുത്രന്റെമേൽ ചുമത്തുകയായിരുന്നു എന്നതിനാലാണല്ലോ (2 കൊരി. 5:21). യേശു കർത്താവിന്റെമേൽ അതിഭയങ്കര ശിക്ഷാവിധി വരുത്തുവാൻതക്കവണ്ണം അത്ര ഭീകരമായ ഒന്നായിട്ടാണ് ഇവിടെ പാപത്തെ നാം കാണുന്നത്. ദൈവം ഏറ്റവും വെറുക്കുന്ന, ദൈവക്രോധം വിളിച്ചുവരുത്തുന്ന ഒന്നായി നാം പാപത്തെ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

നമ്മുടെ ജീവിതത്തിലെ സകല നന്മകളേയും നശിപ്പിക്കുന്നതും ദൈവം നമുക്ക് നൽകുവാൻ ആഗ്രഹിക്കുന്ന സകല അനുഗ്രഹങ്ങളേയും തടസ്സപ്പെടുത്തുന്നതും പാപമാണ്. നമ്മുടെ ഏറ്റവും വലിയ ശത്രുവായിത്തന്നെ നാം പാപത്തെ കാണേണ്ടിയിരിക്കുന്നു.

പാപത്തോടുള്ള നമ്മുടെ മനോഭാവം എന്തായിരിക്കണം എന്ന് കർത്താവ് തന്റെ പർവ്വത പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. "വലങ്കണ്ണു നിനക്കു ഇടർച്ച വരുത്തുന്നുവെങ്കിൽ അതിനെ ചൂഴ്ന്നെടുത്തു എറിഞ്ഞു കളക; നിന്റെ ശരീരം മുഴുവനും നരകത്തിൽ വീഴുന്നതിനേക്കാൾ നിന്റെ അവയവങ്ങളിൽ ഒന്നു നശിക്കുന്നത് നിനക്കു പ്രയോജനമത്രെ. വലങ്കൈ നിനക്ക് ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ വെട്ടി എറിഞ്ഞുകളക. നിന്റെ ശരീരം മുഴുവൻ നരകത്തിൽ പോകുന്നതിനേക്കാൾ അവയവങ്ങളിൽ ഒന്നു നശിക്കുന്നത് നിനക്ക് പ്രയോജനമത്രെ" (മത്തായി 5:29,30). ഈ വാക്യങ്ങളിൽ കർത്താവു പറയുന്ന പ്രമാണം എന്താണ്? എന്നെ പാപത്തിലേക്കു നയിക്കുവാൻ സഹായകരമായ സകലത്തിനോടും സന്ധിയില്ലാസമരം ഞാൻ പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു. അതെന്തുതന്നെയായാലും അതിനെ ഉപേക്ഷിച്ചുകളവാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. മാത്രമല്ല കൈകൊണ്ടോ കണ്ണുകൊണ്ടോ പാപം ചെയ്യുന്നതിനെക്കാൾ അവയെ ശരീരത്തിൽനിന്ന് മാറ്റി കളയുന്നതാണ് നല്ലത് എന്നുപറഞ്ഞനിലയിൽ നാം പാപത്തിനെതിരെ പോരാടണം. നാം പ്രാണത്യാഗത്തോളം തന്നെ പാപത്തോട് എതിർത്തു നിൽക്കുവാൻ ദൈവവചനം നമ്മെ പ്രബോധിപ്പിക്കുന്നു. പാപം ചെയ്യുന്നതിനെക്കാൾ മരിക്കുകയാണ് ഭേദം എന്ന നിലപാടാണ് നാം എടുക്കേണ്ടതെന്ന് സാരം. എത്ര ഗൗരവമായ ഒരു കാര്യമാണിത്! എത്ര ഗൗരവമായിട്ടെടുക്കേണ്ട ഒരു നിലപാടാണിത്? നിവർത്തിയില്ലാത്തതുകൊണ്ട് ആ പാപം ഞാൻ ചെയ്തുപോയി എന്നു പറയാൻ ആവശ്യം ഇവിടെ ഇല്ല. നിവർത്തിയില്ലാതാകുമ്പോൾ പാപം ചെയ്യാൻ ദൈവവചനം പറയുന്നില്ല. മരണംവരെയാണ് എതിർത്തുനിൽക്കുവാൻ ദൈവവചനത്തിൽ പ്രമാണമുള്ളത്. ഈ നിലപാട് നമുക്കുണ്ടെങ്കിൽ നമ്മുടെ അനുദിന ജീവിതത്തിൽ പാപം ചെയ്യാതെ ജീവിക്കുവാൻ അതു നമ്മെ സഹായിക്കും.

ദൈവം പാപത്തെ ബലഹീനതയായിട്ടല്ല കാണുന്നത് എന്ന് നാം ഓർക്കണം. പാപത്തെ അതിന്റെ സകലഗൗരവത്തോടുംകൂടെ പാപമായിട്ടാണ് ശേഷം പേജ് 8

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വിധിക്കരുത് വിധിക്കപ്പെടുകയില്ല

ജനം ദൈവത്തിൽ നിന്നും ദൈവവചനത്തിൽ നിന്നും അകലുന്ന സാഹചര്യം ഉണ്ടാകുമ്പോൾ അവർ വഞ്ചിക്കപ്പെടുന്ന സാഹചര്യം വിശദീകരിച്ച് നേർവഴി ചൂണ്ടിക്കാണിക്കുവാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. സത്യം തുറന്നു പറയുമ്പോൾ അത് വിമർശനമായി വ്യാഖ്യാനിക്കുകയും... "വിധിക്കരുത് വിധിക്കുന്ന അളവു കൊണ്ടുതന്നെ നിങ്ങൾക്കും അളന്നുകിട്ടും (മത്തായി 7:1,2) എന്ന് ചിലർ പറയാറുണ്ട്. വചന പരിജ്ഞാനമുള്ളവർപോലും അസ്ഥാനത്ത് ഈ വാക്യം ഉപയോഗിക്കാറുണ്ട്. വിധിക്കരുത് വിധിക്കപ്പെടുകയില്ല എന്ന തിരുവചന ഭാഗം വാസ്തവത്തിൽ എന്താണ് അർത്ഥമാക്കുന്നത് എന്ന് ഒരു സംഭവകഥയിലൂടെ വ്യക്തമാക്കാം.

"അവൻ പറഞ്ഞു: അവളെ പുറത്തിറക്കി ചുട്ടുകളയുക" (ഉൽപ.38:25).

ഭീകരമായൊരു വിധിവാചകമാണിത്. ഉച്ചരിച്ചത് മറ്റാരുമല്ല, യാക്കോബിന്റെ മകനും മിശിഹായുടെ പൂർവ്വികനുമായ യെഹൂദ. തന്റെ പുത്രഭാര്യ വേശ്യാവൃത്തി മൂലം ഗർഭിണിയായിരിക്കുന്നു എന്ന വാർത്ത കേട്ട് ധാർമ്മികരോഷത്താൽ ജ്വലിച്ച അമ്മായിയപ്പനാണ് അതിഭീകരമായ ഈ ശിക്ഷാവിധി കല്പിച്ചത്: ചുട്ടുകൊല്ലുക. സംഭവങ്ങളുടെ ധാർമ്മികതയെക്കുറിച്ചുള്ള വിശകലനം അനുവാചകർക്ക് വിട്ട്, കഥാരൂപത്തിൽ കാര്യങ്ങൾ അവതരിപ്പിക്കുന്ന ഗ്രന്ഥകാരന്റെ തൂലികയിൽ നിന്നാണ് യെഹൂദായുടെ അപഭ്രംശത്തിന്റെയും തുടർന്നുണ്ടായ ശിക്ഷാവിധിയുടെയും വിവരണം. അടുത്തു പരിശോധിക്കുമ്പോൾ സുപ്രധാനമായ ചില ഉൾക്കാഴ്ചകൾ ഈ വിവരണത്തിന്റെ വരികൾക്കിടയിൽ ഒളിപ്പിച്ചു വച്ചിരിക്കുന്നത് കാണാൻ കഴിയും.

ഉൽപത്തി 38-ാം അദ്ധ്യായം മുഴുവൻ ഈ ഒരു വിവരണത്തിനു വേണ്ടി മാറ്റിവച്ചിരിക്കുന്നതിനാൽ വി.ഗ്രന്ഥകാരൻ ഈ സംഭവത്തിനു നൽകുന്ന പ്രാധാന്യം ചെറുതല്ല എന്നു കാണാൻ കഴിയും. പിതാവിന്റെയും സഹോദരങ്ങളുടെയും കൂട്ടം വിട്ട് തനിച്ച് കനാൻകാരുടെ ഇടയിൽ വാസമുറപ്പിച്ച യെഹൂദ ഒരു കനാൻകാരിയെ വിവാഹം ചെയ്തു.

അവളിൽ നിന്ന് മൂന്ന് ആൺമക്കൾ ജനിച്ചു. ഏർ, ഓനാൻ, ശേലാ. മൂത്തവനു പ്രായമായപ്പോൾ താമാർ എന്ന കനാൻകാരിയെ അവന് ഭാര്യയായി നല്കി. മക്കളില്ലാതെ ഏർ മരിച്ചപ്പോൾ രണ്ടാമനായ ഓനാന് താമാറിനെ ഭാര്യയായി നല്കി. അയാളും മക്കളില്ലാതെ മരിച്ചു. മൂന്നാമനും ഇതുപോലെ മരിച്ചേക്കും എന്നു ഭയന്ന യഹൂദ താമാറിനെ അവളുടെ പിതൃഗൃഹത്തിലേക്കു പറഞ്ഞയച്ചു. ശേലായ്ക്കു പ്രായമാകുമ്പോൾ ഭർത്താവായി നല്കാം എന്ന വാഗ്ദാനവും നല്കി. അതുവരെ അവൾ വിധവയായി പിതൃഭവനത്തിൽ കഴിയണം. ഇതാണ് തുടക്കം.

ഇസ്രായേൽ ജനത്തിന്റെ പൂർവ്വികരുടെ കാലത്തെ ഒരു സംഭവമായിട്ടാണ് കഥ അവതരിപ്പിച്ചിരിക്കുന്നത്. നിയമങ്ങളെല്ലാം ക്രോഡീകരിക്കപ്പെട്ടിരുന്നില്ല. എന്നാലും ഭർതൃസഹോദരധർമ്മം എന്നൊരു നിയമം അവരുടെ ഇടയിൽ പ്രചാരത്തിലിരുന്നുവെന്ന് വിവരണം സൂചിപ്പിക്കുന്നു. മക്കളില്ലാതെ മരിക്കുന്ന സഹോദരന്റെ ഭാര്യയെ സ്വീകരിച്ച്, അവളിൽ നിന്നു ജനിക്കുന്ന ആദ്യസന്താനത്തെ മരിച്ച സഹോദരന്റെ പിൻതുടർച്ചാവകാശിയായി പരിഗണിക്കണം. ഇതാണ് നിയമം (ആവ.25:5-10).



സഹോദരൻ ഈ ധർമ്മം നിർവ്വഹിക്കുന്നില്ലെങ്കിൽ അതിനുള്ള ശിക്ഷയും പ്രതിവിധിയും ആ നിയമത്തിൽ തന്നെയുണ്ട്. ഇതിൻപ്രകാരം തന്റെ മൂന്നാമത്തെ മകനായ ശേലായെ താമാറിനു ഭർത്താവായി യെഹൂദ നൽകേണ്ടിയിരുന്നു. അതു ചെയ്തില്ല. തികച്ചും വിജാതീയ സ്ത്രീ ആയിരുന്ന താമാറിനെ അവളുടെ ജനത്തിന്റെ നിയമങ്ങളും ആചാരങ്ങളും അനുസരിച്ച് ജീവിക്കാൻ അനുവദിച്ചില്ല.

സ്വന്തം പിതൃഭവനത്തിൽ യഹൂദന്മാരുടെ നിയമമനുസരിച്ച് വിധവയായി ജീവിക്കാൻ നിർബന്ധിക്കുകയും ചെയ്തു. വേണ്ട സംരക്ഷണവും പരിഗണനയും സുരക്ഷിതത്വവും നല്കാതെ തനിക്കന്യമായ ഒരു നിയമം അനുസരിക്കാൻ താമാറിനെ നിർബന്ധിക്കുന്ന യെഹൂദ അവളുടെ കാര്യം മനഃപൂർവ്വം മറന്നതുപോലെ തോന്നും.

തന്റെ രണ്ടു പുത്രന്മാർ മരിച്ചതിന്റെ ഉത്തരവാദിത്വം താമാറിന്റെ മേൽ ആരോപിക്കുന്ന യെഹൂദ മനസ്സിലാക്കാതെ പോകുന്ന കാര്യമാണ് വി. ഗ്രന്ഥകാരൻ വെളിപ്പെടുത്തുന്നത്. മൂത്തമകൻ ഏർ മരിക്കാൻ കാരണം അവന്റെ തന്നെ ദുഷ്ടതയാണ്. ഓനാന്റെ കുറ്റം മറ്റൊന്നായിരുന്നു. ഈ ബന്ധത്തിൽ നിന്നു ജനിക്കാൻ പോകുന്ന ശിശു തന്റേതായിരിക്കുകയില്ല. മരിച്ചുപോയ സഹോദരന്റേതായിരിക്കും എന്നതിനാൽ കുഞ്ഞു ജനിക്കാതിരിക്കാൻ വേണ്ടി സംഗമസമയത്ത് ബീജം നിലത്തു വീഴ്ത്തി - ജനനനിയന്ത്രണത്തിന്റെ ബൈബിൾ നൽകുന്ന ആദ്യ വിവരണം. ഇതിൽ നിന്നാണ് ഓണനിസം എന്ന വാക്കു തന്നെ ഉണ്ടായത്. ഇവിടെ ഓനാന്റെ പ്രവൃത്തിയും അതിന്റെ ലക്ഷ്യവും ഒരുപോലെ തിന്മയാണെന്ന് വി.ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. ഇരുവരുടെയും മരണത്തിന് ഉത്തരവാദികൾ അവർ തന്നെ ആയിരുന്നു. പക്ഷെ ശിക്ഷിക്കപ്പെടുന്നത് നിരപരാധിയായ താമാറും.

അടുത്ത രംഗത്താണ് ശിക്ഷാവിധിക്കടിസ്ഥാനമായ സംഭവം വിവരിക്കുന്നത്. തന്റെ ഭാര്യയുടെ മരണത്തെ തുടർന്ന് യഹൂദ ആചാരപ്രകാരമുള്ള വിലാപം അനുഷ്ഠിച്ചു. ദുഃഖത്തിന് ആശ്വാസമുണ്ടായപ്പോൾ എന്ന സാഹചര്യവിവരണം ക്രമപ്രകാരമുള്ള വിലാപദിനങ്ങൾ സമാപിച്ചതിനെ സൂചിപ്പിക്കുന്നു. ആടുകളുടെ രോമം കത്രിക്കൽ വലിയൊരാഘോഷമാണ്. അതിനായി പോകുമ്പോഴാണ് യെഹൂദ ആശ്വാസം തേടി, വഴിവക്കിലിരുന്ന വേശ്യയെ സമീപിക്കുന്നത്. വേശ്യയ്ക്കു വേതനമായി കൊടുക്കാൻ കൈവശമൊന്നുമില്ലാത്തതിനാൽ കടം പറഞ്ഞു. പക്ഷേ വെറും വാക്കുകൊണ്ട് തൃപ്തിപ്പെടാതെ പണയം ചോദിച്ചപ്പോൾ തനിക്ക് ഏറ്റം വിലപ്പെട്ട, തന്റെതന്നെ സ്വത്വത്തിന്റെ അടയാളമായ മുദ്രമോതിരവും വളയും വടിയും നിസ്സങ്കോചം കൊടുത്ത യെഹൂദ മനസ്സിലാക്കിയില്ല തന്റെ മുമ്പിൽ വേശ്യാവേഷമിട്ടു നിൽക്കുന്നത് പുത്രഭാര്യയായ താമാറാണെന്ന്.

തന്റെ ആവശ്യം നിർവ്വഹിച്ച യെഹൂദ പണയവസ്തുക്കൾ തിരിച്ചെടുക്കാനായി വാഗ്ദാനം ചെയ്തിരുന്ന ആട്ടിനെയും കൊണ്ട് ദൂതനെ അയച്ചു. പക്ഷേ അതിനകം താമാർ സ്വന്തം വീട്ടിലേക്കു മടങ്ങി, വേശ്യാവസ്ത്രം അഴിച്ച്, വിധവാ വസ്ത്രം ധരിച്ചു കഴിഞ്ഞിരുന്നു. അങ്ങനെ ഒരു വേശ്യ ആ നാട്ടിലില്ല എന്ന വിവരവുമായി ദൂതൻ തിരിച്ചുവന്നപ്പോഴും യെഹൂദയ്ക്ക് അസാധാരണമായി ഒന്നും തോന്നിയില്ല. വേശ്യയ്ക്കു കൂലി കൊടുത്തില്ല എന്ന അപവാദം കേൾക്കേണ്ടി വരില്ലല്ലോ എന്ന ചിന്തയേ അയാൾക്കുള്ളൂ. പറഞ്ഞൊത്ത പണം കൊടുത്താൽ വേശ്യാവൃത്തിയിൽ അപാകതയൊന്നുമില്ല എന്ന ഒരു മനോഭാവമാണ് യെഹൂദ പ്രകടമാക്കുന്നത്. അയാളാണ് അടുത്ത രംഗത്ത് വേശ്യാവൃത്തിയുടെ പേരിൽ ഒരു സ്ത്രീയെ ചുട്ടുകൊല്ലാൻ വിധിക്കുന്നത്. ഇവിടെയാണ് വിധിയുടെ അപകടം ഒളിഞ്ഞിരിക്കുന്നത്.

മൂന്നുമാസം കഴിഞ്ഞപ്പോൾ കേട്ട വാർത്ത യെഹൂദയെ കോപാക്രാന്തനാക്കി. തന്റെ പുത്രഭാര്യ പിതൃഗൃഹത്തിൽ ആയിരിക്കുമ്പോൾ വേശ്യാവൃത്തിയിൽ ഏർപ്പെട്ടു. അവൾ ഗർഭിണിയാണ്. ഇനി വേറെ തെളിവെന്തു വേണം? ഗോത്രപിതാവിന്റെ ധാർമ്മികരോഷം ഉണർന്നു. തീവ്രമായ ഭക്തി സടകുടഞ്ഞെണീറ്റു. തെളിവെടുപ്പും വിചാരണയും ഒന്നുകൂടാതെ വിധി പ്രസ്താവിച്ചു: അവളെ പുറത്തിറക്കി ചുട്ടുകളയുക!" വേശ്യാവൃത്തിയിൽ ഏർപ്പെട്ടു എന്ന കുറ്റം ആരോപിക്കപ്പെടുന്ന സ്ത്രീക്ക് വധശിക്ഷ വിധിച്ച യഹൂദ തന്റെ കാര്യത്തെക്കുറിച്ച് ചിന്തിക്കുന്നതുപോലുമില്ല. എത്ര ലാഘവത്തോടെയാണ് അയാൾ വന്നതും എണീറ്റുപോയതും! തുക കൊടുത്തു, കാര്യം തീർന്നു. എന്തേ ഇങ്ങനെ രണ്ടു സമീപനങ്ങൾ എന്നു ഗോത്രപിതാവു ചോദിച്ചില്ല; മറ്റാരും ചോദിച്ചില്ല, ചോദിക്കാൻ പ്രേരിപ്പിച്ചതുമില്ല.

ഏകദേശം രണ്ടായിരം വർഷം കാത്തിരിക്കേണ്ടിവന്നു ഈ ചോദ്യം ഉന്നയിക്കുന്ന ഒരാൾ വരാൻ! "നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമത് കല്ലെറിയട്ടെ" (യോഹ.8:7). അത് യെഹൂദയുടെ തന്നെ ഒരു പിൻമുറക്കാരനായിരുന്നു.

ശിക്ഷാവിധി നടപ്പിലാക്കാൻ വന്നവരുടെ മുമ്പിൽ പതറാതെ നിന്ന താമാറിന് ഒന്നേ പറയാനുള്ളൂ. ഈ മുദ്രമോതിരവും വളയും വടിയും ആരുടേതാണെന്ന് യെഹൂദയോട് ചോദിക്കുക. ഇവയുടെ ഉടമസ്ഥനാണ് എന്റെ ഗർഭസ്ഥ ശിശുവിന്റെ പിതാവ്. തന്റെ മേൽ വേശ്യാവൃത്തി ആരോപിക്കുന്ന ആൾ തന്നെയാണ് തന്നെ വേശ്യയായി പരിഗണിച്ച് ഗർഭിണിയാക്കിയത് എന്ന താമാറിന്റെ പ്രസ്താവനയ്ക്ക് ദൂരവ്യാപകമായ ധ്വനികളുണ്ട്. ആചാരങ്ങളും നിയമങ്ങളും-പാലിക്കാനും നടപ്പിലാക്കാനും ബദ്ധപ്പെടുന്നവർ തന്നെ അവ ലംഘിക്കുന്നതിലെ വിരോധാഭാസം ചെറുതല്ല. ഈ സംഭവത്തിന്റെ വിവരണത്തിലൂടെ വി. ഗ്രന്ഥകാരൻ നല്കുന്ന പാഠങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോകരുത്. അവയുടെ ആനുകാലിക പ്രസക്തിയിലേക്കു തിരിയുന്നതിനു മുമ്പേ യെഹൂദയുടെ പ്രതികരണവും അനന്തരഫലങ്ങളും കൂടെ കണക്കിലെടുക്കണം.

തൊണ്ടിസാധനങ്ങൾ കണ്ട യെഹൂദ തന്റെ പങ്ക് സമ്മതിക്കുക മാത്രമല്ല താമാർ തന്നെക്കാൾ നീതിനിഷ്ഠയുള്ളവളാണെന്നു അംഗീകരിക്കാനുള്ള ആർജ്ജവത്വവും പ്രകടമാക്കി. "അവൻ പറഞ്ഞു: അവൾ എന്നെക്കാൾ നീതിയുള്ളവളാണ്. ഞാൻ അവളെ എന്റെ മകൻ ശേലായ്ക്കു ഭാര്യയായി നല്കിയില്ലല്ലോ" (ഉല്പ.38:26). താമാറിന്റെ നീതിനിഷ്ഠയെ ഏറ്റുപറയുമ്പോൾ നീതിക്കുതന്നെ ഒരു പ്രത്യേക മാനം നല്കുന്നു. എന്തിനുവേണ്ടിയാണ് അവൾ വേശ്യയുടെ വേഷമിട്ട്, ജീവൻതന്നെ അപകടത്തിലാക്കുന്ന സാഹസത്തിനു മുതിർന്നത് എന്ന് വിശദീകരിക്കുന്നതിലൂടെ ജീവന്റെ സംരക്ഷണവും നിലനിൽപ്പുമാണ് നീതിയുടെ മുഖ്യലക്ഷ്യം എന്ന് സൂചിപ്പിക്കുന്നു.

മരണാനന്തര ജീവിതത്തെയും പുനരുത്ഥാനത്തെയും കുറിച്ച് അറിവില്ലാതിരുന്ന ആ കാലത്ത് ഒരാളുടെ നിലനില്പ് സന്തതി പരമ്പരയിലൂടെയാണ് പരിഗണിച്ചിരുന്നത്. സന്തതിയില്ലാതെ മരിക്കുന്നയാൾ എന്നേക്കുമായി വിഛേദിക്കപ്പെടുന്നു. വാഗ്ദത്തഭൂമിയിൽ വാസമുറപ്പിച്ചപ്പോൾ എല്ലാ ഗോത്രങ്ങൾക്കും കുടുംബങ്ങൾക്കുമായി യോശുവ ഭൂമി വീതിച്ചു കൊടുത്തു. ഭൂമിയിൽ അവകാശമില്ലാത്ത ആരും ഉണ്ടായിരുന്നില്ല. ഒരാൾക്ക് അവകാശപ്പെട്ട ഭൂമി അയാളുടെ മരണശേഷം മക്കൾക്ക് അവകാശമായി ലഭിക്കുന്നു. അങ്ങനെ മക്കളിലൂടെ ജീവിക്കുന്നതോടൊപ്പം വാഗ്ദത്തഭൂമിയുടെ അവകാശിയായി തുടരുകയും ചെയ്യുന്നു. വാഗ്ദത്തഭൂമിയിൽ അവകാശം നഷ്ടപ്പെടുന്നത് ദൈവത്തിൽ നിന്ന് അകറ്റപ്പെടുന്നതിനു തുല്യമായി പരിഗണിച്ചിരുന്നു. അതോടൊപ്പം ഓരോ ഗോത്രത്തിനും അവകാശമായി ലഭിച്ച ഭൂമി മറ്റു ഗോത്രങ്ങൾക്കായി കൈമാറ്റം ചെയ്യപ്പെടാൻ പാടില്ല എന്നും നിയമമുണ്ടായിരുന്നു. വ്യക്തികളുടെയും ഗോത്രങ്ങളുടെയും നിലനിൽപും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന നിയമമായിരുന്നു ഇത്.

ഈ പശ്ചാത്തലത്തിൽ വേണം ഭർതൃസഹോദര ധർമ്മം എന്ന നിയമം മനസ്സിലാക്കാൻ. താമാർ ഇപ്രകാരം ഒരു സാഹസത്തിനു മുതിർന്നത് തനിക്കുവേണ്ടി മാത്രമല്ല, യെഹൂദയ്ക്കും കുടുംബത്തിനും വേണ്ടി കൂടിയാണ്. ദൈവം അവളെ കടാക്ഷിച്ചനുഗ്രഹിച്ചു; സംരക്ഷിച്ചു. മാത്രമല്ല, രക്ഷാചരിത്രത്തിൽ അതിധന്യമായൊരു സ്ഥാനവും അവൾക്കു നൽകി.

നീതിബോധം നഷ്ടപ്പെടുന്ന ഭക്തിയും മതാചാരങ്ങളും എത്ര ഹീനവും ഭീകരവുമായി അധഃപതിക്കാം എന്നതിന് ഒരുദാഹരണമാണ് താമാറിന്റെ മേൽ യെഹൂദ പ്രസ്താവിച്ച ശിക്ഷാവിധി. എന്നാൽ ഇത് ചരിത്രത്തിലെ ഒറ്റപ്പെട്ട സംഭവമല്ലല്ലോ. വ്യഭിചാരക്കുറ്റം ആരോപിച്ച് കല്ലെറിയാൻ കൊണ്ടുവന്ന സ്ത്രീയുടെ മേൽ വിധിപ്രസ്താവിക്കാൻ യേശുവിനോടാവശ്യപ്പെട്ട യഹൂദ നേതാക്കന്മാർ പ്രകടമാക്കുന്നതും വഴിതെറ്റിയ മതാത്മകതയുടെ ഭീകരമുഖമാണ് (യോഹ.8:1-11). വിരുന്നുശാലയിലേക്ക് ഓടിക്കയറി, യേശുവിന്റെ കാല്ക്കൽ പ്രണമിച്ച് കണ്ണീരൊഴുക്കിയ പാപിനിയുടെ നേരേ നീണ്ട പരീശപ്രമാണി ശിമയോന്റെ ചൂണ്ടുവിരലും ചൂണ്ടുന്നത് ലക്ഷ്യം തെറ്റിയ മതാത്മകത അണിയുന്ന നീതിയുടെ മൂടുപടത്തിനു നേരെയാണ്.

സ്വന്തം പാപങ്ങൾ മറച്ചുവച്ച് അന്യനിൽ കുറ്റമാരോപിക്കുന്ന പരീശധാർഷ്ട്യത്തിലും എത്രയോ അധികമാണ് ഇന്നത്തെ ആത്മീയ സമൂഹത്തിൽ അരങ്ങേറുന്ന അധാർമ്മികതയും അനീതിയും. സത്യംപറയുന്നവരെ പുറത്തിറക്കി ചുട്ടുകളയാൻ ആക്രോശിക്കുന്ന നേതാക്കന്മാരും അണികളും എവിടെയാണ് തങ്ങളുടെ കൈകളിലെ രക്തക്കറ മറച്ചുവയ്ക്കുക. ഏതു സമുദ്രത്തിൽ കഴുകിയാണ്, ഏതു പുഴയിൽ കുളിച്ചാലാണ് ഭീകരമായ അനീതികളുടെ കറകൾ മായുക.

മാമോന്റെ സേവകരും ചെകുത്താന്റെ ദാസന്മാരും വിശുദ്ധന്മാരുടെ വേഷംകെട്ടി നിരപരാധരും നീതിനിഷ്ഠരും മാന്യന്മാരുമായി അധികാരശ്രേണിയിൽ ഉയരുന്നു. "അവളെ ചുട്ടുകൊല്ലുക!" കാതടപ്പിക്കുന്ന ആക്രോശങ്ങൾ നമ്മുടെ അന്തരീക്ഷത്തിൽ നിരന്തരം ഉയരുമ്പോൾ ആക്രോശിക്കുന്നവർക്ക് യെഹൂദയുടെ ആർജവത്വം എങ്കിലും ഉണ്ടായിരുന്നെങ്കിൽ എന്നു വ്യാമോഹിച്ചു പോകുന്നു. യഹൂദയുടെ വാക്കുകൾക്ക് ഇന്നും പ്രസക്തിയുണ്ട്. "അവൾ എന്നെക്കാൾ നീതിയുള്ളവളാണ്", "വിധിക്കരുത്, നിങ്ങളും വിധിക്കപ്പെടുകയില്ല... നിങ്ങൾ അളക്കുന്ന അളവു കൊണ്ടുതന്നെ നിങ്ങൾക്കും അളന്നുകിട്ടും" (മത്താ.7:1-2).

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# ശിഷ്യത്വവും ശൂന്യവൽക്കരണവും

വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം 9-ാം അദ്ധ്യായം 57 മുതൽ 62 രെയുള്ള വാക്യങ്ങളിൽ ശിഷ്യത്വത്തിന് ഒരാൾ കൊടുക്കേണ്ട വിലയെക്കുറിച്ചു പറയുന്നുണ്ട്. യേശു എവിടെപ്പോയാലും അവനെ അനുഗമിച്ചുകൊള്ളാമെന്നു പറഞ്ഞുകൊണ്ടാണ് ഒരുവൻ കർത്താവിനെ സമീപിക്കുന്നത്. ശിഷ്യത്വത്തിലടങ്ങിയിരിക്കുന്ന സ്വയം ശൂന്യവൽക്കരണത്തിന്റെ 'ഡിഗ്രി' അവൻ മനസ്സിലാക്കിയിരുന്നില്ല. പാമ്പുകൾക്ക് മാളങ്ങളും പറവകൾക്ക് ആകാശവും നൽകിയവന് തലചായ്ക്കുവാനിടമില്ല എന്നുപറഞ്ഞ് യേശു അവനെ തിരിച്ചയച്ചു. കർത്താവിന് തലചായ്ക്കുവാനിടം കിട്ടിയത് കുരിശിൽ മാത്രമായിരുന്നു. ക്രിസ്തുശിഷ്യനും തലചായ്ക്കേണ്ടത് ദൈവം അവനായി ഒരുക്കുന്ന കുരിശിലാണ്. ക്രിസ്തുശിഷ്യൻ ഈ ഭൂമിയെ അവന്റെ അടിസ്ഥാന അഭയസ്ഥാനമായി കാണരുത്. അവൻ ഈ ഭൂമിയിൽ തീർത്ഥാടകനും കടന്നുപോകുന്ന യാത്രക്കാരനുമാണ്. ക്രിസ്തുശിഷ്യത്വമെന്നു പറയുന്നത് യേശുവിനോടുകൂടി മരിക്കുവാനുള്ള വിളിയാണ്. അവന്റെ മരണത്തിൽ പങ്കെടുത്തുകൊണ്ട് അവന്റെ പുനരുത്ഥാനത്തിലേക്കു പ്രവേശിക്കുവാനുള്ള വിളിയാണത്. സ്വയം ശൂന്യവൽക്കരിച്ചു കുരിശുമെടുത്തുകൊണ്ട് കർത്താവിനെ അനുഗമിക്കുവാനുള്ള ക്ഷണമാണിവിടെ കാണുന്നത്.



ഈ ലോകത്തിലൊന്നിലും ആശ്രയംവെയ്ക്കാതെ, ഒന്നിനോടും അമിതമായി പറ്റിച്ചേരാതെ ജീവിക്കുന്നവനാണ് യഥാർത്ഥ ക്രിസ്തുശിഷ്യൻ.

സ്വന്തം അപ്പന്റെ ശവസംസ്കാരം നടത്തിയിട്ട് തിരിച്ചുവന്ന് കർത്താവിനെ അനുഗമിച്ചുകൊള്ളാമെന്നു പറഞ്ഞവനോട് യേശു പറഞ്ഞ മറുപടി ശ്രദ്ധിക്കേണ്ടതുണ്ട്. 'മരിച്ചവർ മരിച്ചവരെ അടക്കട്ടെ' എന്നായിരുന്നു ആ മറുപടി. 'നീ പോയി ദൈവരാജ്യം പ്രഘോഷിക്കുക' എന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. മരണം രണ്ടുവിധത്തിലുണ്ട്. ഒന്ന് ശരീരത്തിലെ മരണം, രണ്ട് ആത്മാവിലെ മരണം. ആത്മാവിലെ മരണം പാപം വരുത്തിവച്ച മരണമാണ്. നിത്യജീവൻ നൽകുവാനാണ് യേശു വന്നത്. നിത്യജീവനില്ലാത്തവൻ ശരീരത്തിൽ ജീവനുള്ളവനെങ്കിലും ആത്മാവിൽ മരിച്ചവനാണ്. ദൈവത്തോടും ദൈവരാജ്യത്തോടുമുള്ള പ്രതിബദ്ധതയ്ക്ക് മാതാപിതാക്കളോടുള്ള ബന്ധത്തെക്കാൾ പ്രാധാന്യമുണ്ട്. ലൂക്കോ.2-ൽ ദേവാലയത്തിൽവെച്ച് മറിയത്തോട് യേശു പറഞ്ഞ മറുപടിയിൽ ഈ സന്ദേശമാണുള്ളത്. യേശുവിനെ അനുഗമിക്കുവാനുള്ള വിളി ദൈവരാജ്യം പ്രഘോഷിക്കുവാനുള്ള വിളിയുടെ ആദ്യപടിയാണ്. ഭൗതികതയോടും അതിന്റെ കെട്ടുപാടുകളോടും പൂർണ്ണമായി വിടപറഞ്ഞാലെ ശിഷ്യത്വത്തിൽ വിജയിക്കുകയുള്ളു. പൊക്കിൾക്കൊടിയുടെ ബന്ധത്തിൽ നിന്നും വചന ബന്ധത്തിലേക്ക്-ക്രൂശിലേക്ക് ഇവിടെ ശിഷ്യൻ വിളിക്കപ്പെടുകയാണ്. എല്ലാ സംസ്കാരങ്ങളിലും മാതാപിതാക്കളെ മാന്യമായി സംസ്കരിക്കുന്നത് മക്കളുടെ കടമയായി കണ്ടിരുന്നു. യഹൂദമതത്തിൽ സമയാസമയങ്ങളിൽ ഉരുവിടുന്ന പ്രാർത്ഥനയേക്കാൾ പ്രാധാന്യം കൊടുത്തിരുന്നത് മാതാപിതാക്കളുടെ മൃതസംസ്കാരം ഭംഗിയായി നടത്തുന്നതിനായിരുന്നു. പ്രാർത്ഥന ഉപേക്ഷിച്ചാലും ഈ കർമ്മം ഭംഗിയായി നടത്തുകയെന്നത് അന്നത്തെ കീഴ്വഴക്കമായിരുന്നു. അപ്പന്റെ വാർദ്ധക്യകാലത്ത് ശുശ്രൂഷിച്ച്, മരണശേഷം കബറടക്കവും നടത്തിവരാമെന്നായിരുന്നു അവന്റെ ഉദ്ദേശ്യം. ഒന്നാം പ്രമാണം കഴിഞ്ഞേ 4-ാം പ്രമാണത്തിനു പ്രാധാന്യമുള്ളുവെന്ന് യേശു അവനെ ഓർമ്മിപ്പിക്കുന്നു.

ഉറ്റവരോടും ഉടയവരോടും യാത്ര പറഞ്ഞു വരാമെന്നു പറഞ്ഞവനെയും യേശു ശക്തമായി തിരുത്തുന്നു. 'കലപ്പയിൽ കൈവച്ചിട്ടു പിന്തിരിഞ്ഞു നോക്കുന്നവൻ ദൈവരാജ്യത്തിന് അവകാശിയല്ലെ'ന്ന് ശക്തമായി യേശു പ്രതികരിക്കുന്നു. തിരിഞ്ഞു നോക്കുകയെന്നു പറഞ്ഞാൽ ഹൃദയം എന്തിനോടോ കൊളുത്തിയിട്ടിരിക്കുന്നു എന്നാണർത്ഥം. 1 രാജാക്കന്മാർ 19-ാം അദ്ധ്യായത്തിൽ ഏലീശാ താൻ ഉഴുതുകൊണ്ടിരുന്ന കലപ്പ കത്തിച്ച് ഉഴവുകാളകളെ കൊന്ന് വിരുന്നൊരുക്കി സഹജോലിക്കാർക്ക് കൊടുത്തിട്ട് പ്രവാചകദൗത്യത്തിന് ഏലിയാ പ്രവാചകനെ പിന്തുടർന്നു. തന്റേതെല്ലാം ദൈവത്തിനു സമർപ്പിച്ചിട്ട് പ്രവാചക ദൗത്യം ഏലീശാ ഏറ്റെടുക്കുന്നു. ഇപ്രകാരമുള്ള തീക്ഷ്ണമായ വിടപറയൽ യേശു തന്റെ ശിഷ്യരിൽനിന്നും ഇവിടെ ആവശ്യപ്പെടുകയാണ്. പിറകിലേക്കു നോക്കാതെയുള്ള ഒരു മുന്നേറ്റമാണ് ശിഷ്യരിൽനിന്നു കർത്താവ് ആവശ്യപ്പെടുന്നത്. ഉപേക്ഷിച്ചുപോന്നതിലേക്ക് തിരിഞ്ഞുനോക്കിയ ലോത്തിന്റെ ഭാര്യ ഉപ്പുതൂണായി മാറി. 'എന്റെ പിന്നിൽ ലോകവും എന്റെ മുന്നിൽ കുരിശും' എന്ന ചിന്തയോടെ ശിഷ്യത്വത്തിൽ നമുക്കു ജീവിക്കാം.

---



# ക്രിസ്തീയതയും പോരാട്ടവും

തുടർച്ച 4

### 2. അവൻ ചെന്നെത്തുന്ന സ്ഥലത്തിനു മാറ്റം വന്നു

മത്തായി 24:41-ൽ പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നി എന്നു പറയുന്നു. പാപം ചെയ്തതിന്റെ ഫലമായി തനിക്കും തന്റെ അനുയായികൾക്കും വേണ്ടി ഒരുക്കപ്പെട്ടതാണ് ഈ അഗ്നിത്തടാകം! താൻ മാത്രമല്ല തന്റെ കൂട്ടാളികളും ചെന്നെത്തുന്ന സ്ഥലമാണിത്. ഇതിന്റെ പ്രത്യേകത ഒരിക്കൽ അവിടെ എത്തിക്കഴിഞ്ഞാൽ പിന്നീടൊരിക്കലും തിരിച്ചുവരവ് സാധിക്കുകയില്ല എന്നുള്ളതാണ്. നിത്യത മുഴുവൻ ചെലവഴിക്കേണ്ടതായ ഇടം.

കർത്താവു പറഞ്ഞത് നിങ്ങൾ ചൊല്ലുന്ന ഭവനത്തിൽ ഒരു സമാധാന പുത്രനുണ്ടെങ്കിൽ നിങ്ങളുടെ സമാധാനം ആ ഭവനത്തിന്മേലുണ്ടാകും എന്നാണ്. അതായത്, അസമാധാനത്തിന്റെ ആത്മാവുള്ളിടത്ത് സമാധാനമുണ്ടാക്കുക ദുഷ്കരമാണ്. സമാധാനത്തിന്റെയും അനുഗ്രഹത്തിന്റെയും സ്ഥലം സമാധാന പുത്രന്മാർക്കുവേണ്ടി ക്രമീകരിച്ചിരിക്കുന്നു. പൈശാചിക സ്വഭാവമുള്ളവർക്ക് അവരുടെ സ്വഭാവത്തിനനുസൃതമായ സ്ഥലം ലഭിക്കും. ലൂസിഫറിന്റെ സ്വഭാവം അവനെ തീപ്പൊയ്കയിൽ കൊണ്ടെത്തിക്കുകയായിരുന്നു. മുമ്പ് അവനെവിടെയായിരുന്നുവെന്നും അന്നവനിലെ സ്വഭാവം എന്തായിരുന്നുവെന്നും നാം കണ്ടുകഴിഞ്ഞു.

### സാത്താന്റെ ശക്തി (Satan's Forces)

ദൈവത്തിനു ത്രിത്വം ഉള്ളതുപോലെതന്നെ പിശാചും ത്രിത്വം രൂപകല്പന ചെയ്തിരിക്കുന്നതായി വേദപുസ്തകത്തിൽ കാണാവുന്നതാണ്. ആദിമുതലേ അവന്റെ ശ്രമം ദൈവത്തിന്റെ തനിപ്പകർപ്പാകുക എന്നുള്ളതാണല്ലോ. വെളിപ്പാട് 13-ാം അദ്ധ്യായത്തിൽ ഈ വിധത്തിലുള്ള ത്രിത്വത്തിന്റെ ഒരു നല്ല ചിത്രീകരണം നമുക്കു ലഭിക്കുന്നു. മഹാസർപ്പത്തെ പിതാവായ ദൈവത്തോടും, സമുദ്രത്തിൽ നിന്നു കയറിവരുന്ന മൃഗത്തെ പുത്രനായ ദൈവത്തോടും, ഭൂമിയിൽ നിന്നു കയറിവന്ന മൃഗത്തെ പരിശുദ്ധാത്മാവാം ദൈവത്തോടും സാമ്യപ്പെടുത്തി അവതരിപ്പിക്കുന്നു. ഇങ്ങനെ അർത്ഥമാക്കുന്നതിന് മതിയായ കാരണങ്ങൾ എന്തെല്ലാമാകുന്നു എന്ന് പരിശോധിക്കാം.

### മഹാസർപ്പം

മഹാസർപ്പം സമുദ്രത്തിൽനിന്നു കയറിവരുന്ന മൃഗത്തിന് അധികാരം കൊടുക്കുന്നതായി കാണുന്നു. പുത്രനായ ദൈവത്തിന് അധികാരം പകർന്നുകൊടുക്കുന്നത് പിതാവായ ദൈവമാകുന്നുവല്ലോ. അതുകൊണ്ട് ഈ മഹാസർപ്പം പിതാവായ ദൈവത്തോടു സമനാകുവാൻ ശ്രമിക്കുന്നു (വെളി.13:2) എന്ന് മനസ്സിലാക്കാം.

### സമുദ്രത്തിൽ നിന്നു കയറിവരുന്ന മൃഗം

ഈ മൃഗം എതിർക്രിസ്തു ആണ്. കർത്താവായ യേശുക്രിസ്തുവിനു പിതാവിൽനിന്ന് അനുഗ്രഹം ലഭിച്ചതുപോലെ ഈ മൃഗത്തിന് മഹാസർപ്പത്തിൽ നിന്ന് ജയിപ്പാനുള്ള ശക്തി ലഭിക്കുന്നു (വെളി.13:2). കൂടാതെ കർത്താവായ യേശുക്രിസ്തു മുറിവേൽക്കുകയും മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തതുപോലെ, ഈ മൃഗവും മുറിവേൽക്കുകയും ജീവിക്കുകയും ചെയ്യുന്നു. ഈ മൃഗം യേശുക്രിസ്തുവിനോടു സമനായി നിൽക്കുവാൻ ശ്രമിക്കുന്നു.

### ഭൂമിയിൽ നിന്നു കയറിവന്ന മൃഗം

ഈ മൃഗം ഒന്നാമത്തെ മൃഗത്തിന്റെ മുമ്പാകെ തന്റെ അധികാരമെല്ലാം നടത്തി ഭൂവാസികളെക്കൊണ്ട് മാരകമായ മുറിവ് പൊറുത്തുപോയ ഒന്നാമത്തെ മൃഗത്തെ നമസ്കരിപ്പിക്കുന്നു (വെളി.13:12). ഭൂമിയിൽ നിന്നു കയറിവന്ന ഈ മൃഗത്തിന്റെ ജോലി ഒന്നാമത്തെ മൃഗത്തെ ആരാധിക്കുവാൻ ജനങ്ങളെ ഒരുക്കുക എന്നതാണ്. അതായത്, പരിശുദ്ധാത്മാവ് ജനങ്ങളെ കർത്താവായ യേശുക്രിസ്തുവിലേക്ക് ആകർഷിക്കുന്നതുപോലെ ഈ മൃഗവും ജനത്തെ ഒന്നാമത്തെ മൃഗത്തിങ്കലേക്ക് ആകർഷിക്കുന്നു. 1. ഈ മൃഗത്തിന് ഒന്നാമത്തെ മൃഗത്തിന്റെ സകല അധികാരവും ഉണ്ട് (വെളി.13:12). (പരിശുദ്ധാത്മാവിന് യേശു ക്രിസ്തുവിന്റെ ആത്മാവ് ഉണ്ട് (റോമ.8:9); 2. മൃഗം അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കുന്നു (വെളി.13:13). (പരിശുദ്ധാത്മാവ് അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുന്നു (1 കൊരി.12:10); 3. ഈ മൃഗം എല്ലാവരെയും മുദ്ര (666) ഇടുവിക്കുന്നതിന് കാരണമാകുന്നു (വെളി.13:7-12). (പരിശുദ്ധാത്മാവ് എല്ലാ വിശ്വാസികളെയും മുദ്രയിടുന്നു (എഫെ.1:13, 4:3).

### അവന്റെ കൂട്ടുകാർ (His Associates)

**1. ദുഷ്ടാത്മാക്കൾ** (Wicked spirits)

അതിന്റെ വാൽ ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വലിച്ചുകൂട്ടി ഭൂമിയിലേക്ക് എറിഞ്ഞുകളഞ്ഞു (വെളി.12:4). വേദപുസ്തകപണ്ഡിതന്മാരുടെ അഭിപ്രായത്തിൽ, ആകെയുള്ള ദൂതന്മാരിൽ മൂന്നിലൊന്ന് സാത്താന്റെ കൂട്ടാളികളായി ഭൂമിയിലേക്ക് എറിയപ്പെട്ടപ്പോൾ അതിലൊരു ഭാഗം തടവറയിൽ ബന്ധനത്തിലാക്കപ്പെട്ടു. യൂദായുടെ ലേഖനത്തിൽ നിന്നും ഇത് വ്യക്തമാകുന്നുണ്ട് (യൂദാ.6). ബാക്കിയുള്ള ദൂതന്മാർ സാത്താനോടുചേർന്ന്ദൈവത്തിനെതിരായി പ്രവർത്തിക്കുന്നു (വെളി.13:7-12). ഇവർ കൂട്ടമായി വ്യക്തികളിൽ പ്രവേശിക്കുകയും അവരുടെ ചിന്തകളെയും വിചാരങ്ങളെയും കഴിവിനെയും നിയന്ത്രിച്ച് അവനെ/അവളെ നശിപ്പിച്ചു കളയുകയും ചെയ്യുന്നു (ലൂക്കോ.8:26-35). ഇവർ ശരീരം ഇല്ലാത്ത ആത്മാക്കൾ ആയതിനാൽ എപ്പോഴും ശരീരത്തിൽ നിവസിക്കുവാൻ ആഗ്രഹിക്കുന്നു (എഫെ.6:12).

**2. ഈ ലോകം** (World System) യാക്കോ.4:4

സാത്താൻ ഈ ലോകത്തിന്റെ പ്രഭു ആകുന്നു. ഈ ലോകത്തെ അനുസരിച്ചു നടക്കുന്ന ഒരു വ്യക്തിക്ക് ദൈവത്തിന്റെ ഇഷ്ടം ചെയ്യുവാൻ കഴിയുകയില്ല. യാക്കോ.4:4-ൽ ലോകസ്നേഹം ദൈവത്തോടു ശത്രുത്വം അല്ലയോ എന്നു പറയുന്നു. ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളത് എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു (യോഹ.2:15-17). ഈ ലോകമെല്ലാം സാത്താന്റെ അധീനതയിൽ ഇരിക്കുന്നു (1 യോഹ.5:19). യഥാർത്ഥ ക്രിസ്ത്യാനിക്കു മാത്രമേ ലോകത്തെ ജയിക്കുവാൻ സാധിക്കുകയുള്ളു (1 യോഹ.5:4). (തുടരും)

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക

# വേദാഭിമാനിയുടെ മറുപടി



തലമുറകൾ വന്നും പോയുമിരിക്കുന്നു. എന്നാൽ ഭൂമി തുടരുന്നു. വിരസവും ഉദ്ദേശരഹിതവുമാണ് ജീവിതം. ഭാവി എന്നൊന്നില്ല. എല്ലാം മായ എല്ലാം വ്യഥാ പ്രയത്നം. ഇത് ഞാൻ പറയുന്നതല്ല ദൈവത്തിൽ നിന്ന് ജ്ഞാനം കിട്ടി എന്ന് പറയുന്ന സോളമൻ രാജാവ് പറയുന്നതാണ്. സഭാപ്രസംഗി 1:3 – 7,14. ഇതുപോലെയുള്ള ജ്ഞാനസാഹിത്യ പുസ്തകങ്ങളിലെ സത്യമായ കാര്യങ്ങൾ പറയുകയും പ്രചരിപ്പിക്കുകയും ചെയ്യാതെ മറച്ചുവയ്ക്കുന്നത് എന്തിന് ? – അജിത്ത് പരമേശ്വരൻ, കിളിരൂർ, ഇല്ലിക്കൽ, കോട്ടയം

**ജ്ഞാ**ന സാഹിത്യപുസ്തകങ്ങളിൽ, സഭാപ്രസംഗിയും ഉൾപ്പെട്ടിരിക്കുന്നു. ശലോമോൻ മൂന്ന് ജ്ഞാനപുസ്തകങ്ങൾ എഴുതിയിട്ടുണ്ട്: ഉത്തമഗീതങ്ങൾ, സദൃശ്യവാക്യങ്ങൾ, സഭാപ്രസംഗി. "ദാവീദിന്റെ മകനും യെരുശലേമിന്റെ രാജാവും" ആയിട്ടാണ് സഭാപ്രസംഗി 1:1-ൽ വെളിപ്പെടുത്തിയിരിക്കുന്നത്. "സഭാപ്രസംഗി" എന്നതിന്റെ അർത്ഥം "ദ പ്രീച്ചർ" എന്നാണ്.

ജീവിതം എന്നാലെന്താണെന്ന് പ്രായാധിക്യത്തിലുള്ള ശലോമോനെ പോലെയുള്ള ഒരാൾക്കല്ലാതെ മറ്റാർക്കാണ് എഴുതുവാൻ കഴിയുക? ശലോമോന് ദൈവത്തിൽനിന്ന് പ്രത്യേകവരമായ ജ്ഞാനം ലഭിച്ചു, ആയുഷ്ക്കാലമത്രയും അധികാരവും, പ്രസിദ്ധിയും, ധനവും ഉണ്ടായിരുന്നു. അതിൽ ഒരുഭാഗം ദൈവത്തോടുകൂടെയും മറ്റൊരു ഭാഗം ദൈവം ഇല്ലാതെയുമാണ് ജീവിച്ചത്.

ആ എഴുത്തിന്റെ രൂപം നമുക്ക് ഇന്ന് സുപരിചിതമല്ലാത്തതുകൊണ്ടായിരിക്കാം ബൈബിളിലെ ആ പുസ്തകം ഉപേക്ഷിക്കപ്പെട്ടിരിക്കയാണെന്ന് തോന്നുന്നു. അതു വായിക്കുവാൻ എളുപ്പമല്ല, ചിലപ്പോൾ പരമ്പരപോലെ തോന്നുന്നു. ഗ്രന്ഥകാരൻ ജീവിതത്തിൽ അധൈര്യപ്പെട്ടും നിരുത്സാഹപ്പെട്ടും കാണപ്പെട്ടു. ജീവിതം ഒരു ബാദ്ധ്യതയായും ജോലി നിഷ്പ്രയോജനമായും തോന്നി, സുഖമാണെങ്കിൽ ഒരു കാര്യവുമില്ലാത്തതാണ്. നിങ്ങൾ പരാമർശിച്ച പുസ്തകം കൈകാര്യം ചെയ്യുന്നത് "സൂര്യനു കീഴിലുള്ള" ജീവിതത്തെ കുറിച്ചാണ്- അതായത് ദൈനംദിന ജീവിതത്തെ സംബന്ധിച്ച്. അത് പ്രത്യേക അർത്ഥമില്ലാതെ ഓരോ വർഷവും തലമുറകൾ തോറും ചുറ്റിക്കൊണ്ടിരിക്കുന്ന ഒരു ചക്രമായി പ്രകൃതിയെയും ചരിത്രത്തെയും വരച്ചുകാണിച്ചിരിക്കുന്നു.



പ്രബന്ധം തുടരുമ്പോൾ, എഴുത്തുകാരൻ പൊതുവിൽ ജീവിതത്തിന്റെ ശൂന്യാവസ്ഥയെ കുറിച്ചല്ല, പിന്നെയോ ദൈവത്തെ കൂടാതെയുള്ള ജീവിതം വ്യർത്ഥമാണ് എന്നത്രേ പറയുന്നത് എന്നു കാണാം. ദൈവത്തെ കൂടാതെയുള്ള ജീവിതത്തിന്റെ ലാഭനഷ്ട കണക്കുകൾ നോക്കിയാൽ കിട്ടുന്നത് പൂജ്യമായിരിക്കും.

ദോഷദർശനസ്വഭാവത്തെയോ നിരാശയെയോ എടുത്തുകാണിക്കുന്ന പുസ്തകമല്ല സഭാപ്രസംഗി. ആളുകൾ തങ്ങളുടെ ജീവിതങ്ങളിൽ നിന്നു പുറത്തുകടക്കുവാനല്ല ദൈവം ഉദ്ദേശിച്ചത്. ദൈവത്തെ കൂടാതെയുള്ള ജീവിതം നിരുൽസാഹവും, വ്യർത്ഥവും, ഉദ്ദേശരഹിതവും ആയിരിക്കും. അവനോടുകൂടെ വാസ്തവത്തിൽ സന്തോഷിക്കുവാനാണ് ദൈവം നമ്മെ സൃഷ്ടിച്ചത്. നമ്മുടെ ജീവിതത്തിന് അർത്ഥവും സന്തോഷവും നൽകുന്നത് ദൈവമാണ്. വെറുതെ ജീവിച്ചാലല്ല മറിച്ച്, അവനിൽ വസിച്ച് ജീവിച്ചാലാണ് നിറവേറൽ സംഭവിക്കുന്നത് എന്നതിലേക്കാണ് സഭാപ്രസംഗി വിരൽ ചൂണ്ടുന്നത്.

തലമുറകൾ വന്നും പോയും ഇരിക്കുന്നു. എന്നാൽ, ഭൂമി തുടരുന്നു (1:3–7). സ്വാഭാവിക പ്രകൃതി വൃത്താകൃതിയിലാണ് ചലിക്കുന്നതെന്ന് ശലോമോൻ നിരീക്ഷിച്ചു. ദിവസം തോറും സൂര്യൻ ഉദിക്കയും അസ്തമിക്കയും ചെയ്യുന്നു. കാലങ്ങൾ മാറുന്നതനുസരിച്ച് കാറ്റ് പടിഞ്ഞാറുനിന്നു കിഴക്കോട്ടും തിരിച്ചും അനുഭവപ്പെടുന്നു. നദികളും അരുവികളും കടലിലേക്ക് തുടർച്ചയായി ഒഴുകിക്കൊണ്ടിരിക്കുന്നു, എങ്കിലും അവ നിറഞ്ഞു കവിയുന്നില്ല. ലോകപ്രകാരമുള്ള കാഴ്ചപ്പാടിൽ, അവയെല്ലാം വിരസവും ഉദ്ദേശരഹിതവുമായി തോന്നിയേക്കാം.

മനുഷ്യർ ക്ഷീണിതരാകുന്നതുവരെ, അദ്ധ്വാനിക്കും, എങ്കിലും അവർ തൃപ്തിപ്പെടുന്നില്ല (1:8–11). തന്നെ വെല്ലുവിളിക്കുന്ന ഒരു പുതുമയും ശലോമോന് കണ്ടെത്തുവാനായില്ല. സംഭവിച്ചിട്ടില്ലാത്തതൊന്നും സംഭവിക്കുന്നില്ല. ചരിത്രം തന്നെ ആവർത്തിക്കുന്നതായിട്ടാണ് അവൻ കണ്ടത്. വാക്യം 9 പറയുന്നു, "ഉണ്ടായിരുന്നത് ഉണ്ടാകുവാനുള്ളതും, ചെയ്തുകഴിഞ്ഞത് ചെയ്യുവാനുള്ളതും ആകുന്നു; സൂര്യന് കീഴിൽ പുതുതായി യാതൊന്നുമില്ല."

"പുതിയ നേട്ടങ്ങളൊന്നും ഒരുവിധത്തിലും വ്യത്യാസം വരുത്തുന്നില്ല" എന്നാണ് ശലോമോൻ ചിന്തിക്കുവാൻ തുടങ്ങിയത്. അവൻ എഴുതി,

പുരാതനജനത്തെ കുറിച്ച് ഓർമ്മയില്ലല്ലോ
വരുവാനുള്ളവരെ കുറിച്ച് പിന്നത്തേതിൽ
വരുവാനുള്ളവർക്കും ഓർമ്മയുണ്ടാകയില്ല (1:11)

അവൻ വിലപിക്കുകയായിരുന്നു, "നാം പോകുവാനിരിക്കുന്നതുകൊണ്ട്, നാം ചെയ്തതൊന്നും ആരും ഓർക്കുകയില്ല."

ആ സമയത്ത്, ലോകത്തിൽ ദൈവമില്ലാത്ത ഒരാൾ ജീവിതത്തെ കാണുന്നതുപോലെയാണ് ശലോമോൻ ജീവിതത്തെ കണ്ടത്. നിരീശ്വരവാദികളായ ചില വക്താക്കൾ അവരുടെ ജീവിതാവസാനം പറയുന്നത് ഈ വിധത്തിലാണ്. മനുഷ്യർ മൃഗങ്ങളെക്കാൾ ഉയർന്നവർ മാത്രമാണെങ്കിൽ - പ്രകൃതിയെ സമതുലനാവസ്ഥയിൽ നിർത്തേണ്ടതിനു മാത്രമുള്ളവർ ആണെങ്കിൽ - മനുഷ്യജീവിതം മൃഗങ്ങളുടേതിൽനിന്നു വ്യത്യസ്തമാകുന്നില്ല. അപ്പോൾ അന്തസിനും പ്രയോജനത്തിനും ഒരു കാര്യവുമില്ല. ജോലിയും സേവനവും വ്യർത്ഥമാകും. ഈ തത്വജ്ഞാനം ആളുകളെക്കൊണ്ട് ഇങ്ങനെ ചിന്തിപ്പിച്ചേക്കാം, "നിർമ്മലവും, വിശുദ്ധവും, നിസ്വാർത്ഥവും സത്യസന്ധവുമായി ജീവിക്കേണ്ട ആവശ്യമില്ല! മൃഗങ്ങൾ ജീവിക്കുന്നതുപോലെ ജീവിക്കുക!"; "നേടാവുന്നത്ര നേടുക! നിങ്ങളെ കുറിച്ച് മാത്രം ചിന്തിക്കുക!"; "ഉള്ളത് ഈ ജീവിതം മാത്രമാണ്, ഭാവി എന്നൊന്നില്ല." അത്തരത്തിൽ പ്രത്യാശയില്ലാതെ എത്രയോ ആളുകൾ ഇന്ന് അങ്ങനെ ജീവിക്കുന്നുണ്ട്!

മനുഷ്യർ തങ്ങളുടെ ജീവിതത്തിൽ കഷ്ടത അനുഭവിക്കുന്നതെന്തുകൊണ്ട്? ദൈവമില്ലാത്തവർക്ക് അദ്ധ്വാനവും നിരുത്സാഹവും മാത്രമാണ് അനുഭവപ്പെടുന്നത് (1:13–18). ശലോമോൻ പറഞ്ഞു, "സൂര്യനു കീഴിൽ നടക്കുന്ന സകല പ്രവൃത്തികളും ഞാൻ കണ്ടിട്ടുണ്ട്; അവയൊക്കെയും മായയും വൃഥാപ്രയത്നവും അത്രെ" (1:14).

ശലോമോൻ തന്റെ ഹൃദയത്തെ പരിശോധിച്ചുവെങ്കിലും, ഭൗമികജ്ഞാനംകൊണ്ട് ഒരു നേട്ടവുമില്ല എന്ന് അവൻ കണ്ടെത്തി. ജീവിച്ചിരുന്ന ആളുകൾക്കുണ്ടായിരുന്നതിനേക്കാളധികം ജ്ഞാനവും സമ്പത്തും ശലോമോനുണ്ടായിരുന്നു. അതുപോലും അവന് മോഹഭംഗമാണുണ്ടാക്കിയത്.

ശലോമോൻ ജീവിതത്തിന്റെ അർത്ഥം അന്വേഷിച്ചു അതിനായി പരിശ്രമിച്ചു (2:1–11). ജീവിതത്തിന്റെ അർത്ഥം സുഖത്തിൽ കണ്ടെത്തിയേക്കുമെന്ന് അവൻ വിചാരിച്ചു, പക്ഷെ അതും നിഷ്ഫലമെന്ന് അവൻ കണ്ടെത്തി. ചിരി അർത്ഥശൂന്യമാണ്; തൃപ്തിപ്പെടുത്തുന്നതിൽനിന്ന് ഒന്നും നേടുവാൻ കഴിയുന്നില്ല. പിന്നെ അവൻ വീര്യമുള്ള മദ്യം കുടിക്കുവാൻ തുടങ്ങി, കൂടുതൽ ജ്ഞാനം അന്വേഷിച്ചുകൊണ്ടാണ് അതും ചെയ്തത്. അതിനു ശേഷം അവൻ വിനോദത്തിലേക്ക് തിരിഞ്ഞു. ഭൂമിയിൽ ജീവിക്കുന്ന ആളുകൾ സന്തോഷമാണ് ആഗ്രഹിക്കുന്നത്.

അവസാനമായി, ശലോമോൻ തന്റെ സാമ്രാജ്യം വിപുലപ്പെടുത്തി നോക്കി. ഏതെല്ലാം വിധത്തിൽ കെട്ടിടങ്ങൾ നിർമ്മിക്കാമോ ആ നിലയിൽ കെട്ടിടങ്ങളും നിർമ്മിച്ചു, അവൻ ഉദ്യാനങ്ങളും, തോട്ടങ്ങളും, ഫലോദ്യാനങ്ങളും നിർമ്മിച്ചു. അവയ്ക്ക് ആവശ്യമായ ജലസ്രോതസും ഏർപ്പെടുത്തി. അവൻ അടിമകളെ വാങ്ങുകയും, അവന്റെ വീട്ടിൽ കൂടുതൽ അടിമകൾ ജനിക്കുകയും ചെയ്തു. അവൻ ധാരാളം ആടുമാടുകളെ വളർത്തിയിരുന്നു. പണമുണ്ടാക്കിയും നിക്ഷേപങ്ങൾ സ്വരൂപിച്ചും നോക്കുകയുണ്ടായി. വാദ്യമേളങ്ങളോടും താളമേളങ്ങളോടുമുള്ള ഗാനങ്ങളും ആചാരകലകളും അവൻ ആസ്വദിക്കുകയുണ്ടായി. അവന്റെ സാമ്രാജ്യം ഭൂമിയിൽ ഏറ്റവും വലുതായിതീർന്നു. ആഗ്രഹിച്ചതെല്ലാം അവൻ നേടി, എന്നിട്ടും നിരാശയായിരുന്നു ഫലം.

ഭൗമിക കാഴ്ചപ്പാട് വെച്ചുപുലർത്തിയ ശലോമോനെ പോലെ അസംഖ്യം ആളുകൾ ഇന്നും അതേപോലെ നിരാശപ്പെടുന്നുണ്ട്. എന്നാൽ യേശുവിന്റെ ഉപദേശത്തിലെ ജ്ഞാനം, രാത്രിയിലെ ദീപസ്തംഭം പോലെ പ്രകാശിക്കുന്നു:

പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയും ഇരിക്കുന്ന സ്വർഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ (മത്തായി 6:19,20).

ജീവിതത്തെ ശരിയായ കാഴ്ച്ചപ്പാടിൽ കാണുവാൻ, ജീവിതത്തിന്റെ അർത്ഥം മനസിലാക്കുവാൻ ശലോമോന്റെ അപഗ്രഥനം നമ്മെ സഹായിക്കും. നമുക്ക് എന്തുണ്ട് എന്നതല്ല ജീവിതം അർത്ഥപൂർണ്ണമാക്കുന്നത്, പിന്നെയോ നമുക്കുള്ളത് നാം എങ്ങനെ ഉപയോഗിക്കുന്നു എന്നതാണ്. സാഹചര്യങ്ങളെ ആസ്പദമാക്കിയല്ല നമ്മുടെ ജീവിതവിജയം, ആ സാഹചര്യങ്ങളിൽ നാം എന്തു ചെയ്യും എന്നതിന്റെ അടിസ്ഥാനത്തിലാണ്. ജീവിതത്തിന്റെ ദിശയാണ് അതിന് അർത്ഥമുണ്ടാക്കുന്നത്. ദൈവത്തോടുള്ള ദിശ ജീവിതത്തിൽ ശരിയാക്കുവാൻ ശലോമോന്റെ വാക്കുകൾ നമ്മെ സഹായിക്കും.

നാം സഭാപ്രസംഗിയുടെ പുസ്തകം തുടർന്നു പഠിക്കുമ്പോൾ, ആ പുസ്തകം നമ്മുടെ ജീവിതത്തെ എങ്ങനെ മാറ്റി ഉയർത്തുമെന്ന് കാണം. നാം പലപ്പോഴും തെറ്റായ കാര്യങ്ങൾക്കാണ് ഊന്നൽ കൊടുക്കുന്നത്. തലതിരിഞ്ഞ ലോകത്തിലാണ് നാം ജീവിക്കുന്നത്. ജീവിതത്തെ കാണേണ്ടവിധത്തിൽ കാണാതിരിക്കുന്ന അവസ്ഥയാണ് ലോകത്തിലുള്ളത്. ധാർമ്മികവും ആത്മീയവുമായ തലകറക്കമാണ് നമുക്ക് അനുഭവപ്പെടുന്നത്. അതുകൊണ്ടാണ് ശരിയായ നിലയിൽ ജീവിതത്തെ കാണുവാൻ കഴിയാത്തത്.ശരിയായ കാഴ്ചയിലേക്ക് വന്നപ്പോൾ ശലോമോൻ പറയുന്നത് ശ്രദ്ധിക്കുക: പൊടി പണ്ട് ആയിരുന്നതുപോലെ ഭൂമിയിലേക്ക് തിരികെച്ചേരും. ആത്മാവ് അതിനെ നൽകിയ ദൈവത്തിന്റെ അടുക്കലേക്ക് മടങ്ങിപ്പോകും. അതുകൊണ്ട് എല്ലാറ്റിന്റേയും സാരം കേൾക്കുക. ദൈവത്തെ ഭയപ്പെട്ട് അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക അതാകുന്നു സകലർക്കും വേണ്ടത്. ദൈവം സകല പ്രവർത്തിയേയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്ക് വരുത്തുമല്ലോ.

VEDABHIMANI
Punnuthara
Karthikappally
Alappuzha-690516
Ph: 9847232598
9847990939
e-mail: vedabhimani@gmail.com
www.vedabhimani.com

# VEDABHIMANI
EXPERIENCE THE POWER OF TRUTH
*Annual Subscription Rs.50/-*

Postal Registered No : KL/MVK/184/2015-2017
Post without prepayment
License No : KL/CR/MVK/WPP-04/2015-2017
Posted on 15, 16 December 2016
at RMS Kayamkulam
Published on Ist December 2016
RNI Registered No. KERMAL/2002/7361

## ശിഷ്ടം



ഗണിതശാസ്ത്രവും ഭൂമിശാസ്ത്രവും
ജീവശാസ്ത്രവും ഹരിക്കപ്പെടുമ്പോൾ
ഗണിത 'ശാസ്ത്ര'ത്തിൽ
ശിഷ്ടം അവസാനിക്കുന്നില്ല.
ഭൂമി 'ശാസ്ത്ര'ത്തിൽ
ശിഷ്ടമില്ല.
'അവശിഷ്ടം' മാത്രം
ഹരണത്തിനിടയിൽ
കുഴഞ്ഞുവീണ
ജീവ 'ശാസ്ത്രം'
അത്യാഹിത വിഭാഗത്തിൽ
ശിഷ്ട ജീവൻ കാത്തുകിടക്കുന്നു.


## വിചിത്രം

നിങ്ങൾക്ക് വേഗം നടക്കണമെങ്കിൽ തനിച്ച് നടക്കൂ. പക്ഷേ നിങ്ങൾക്ക് കൂടുതൽ ദൂരം നടക്കണമോ? എങ്കിൽ ഒരുമിച്ച് നടക്കൂ.

എന്ത് വിചിത്രമായ കാര്യങ്ങളാണ് നമ്മുടെ ഇടയിൽ സംഭവിക്കുന്നത്. വിലകൂടിയ ബ്രാൻഡഡ് വസ്ത്രങ്ങൾ ധരിക്കുവാൻ നമ്മൾ ആഗ്രഹിക്കുന്നു. പക്ഷേ ഏറ്റവും സൗകര്യപ്രദം ഒരു പൈജാമയാണ്.

ഏറ്റവും മുന്തിയ ഹോട്ടലിൽനിന്ന് ഉന്നതരായ വ്യക്തികളോടൊപ്പം ഭക്ഷണം കഴിക്കുവാൻ നാം ആഗ്രഹിക്കുന്നു. പക്ഷേ, വഴിവക്കിലെ ചായക്കടയിലെ ചായ കൂട്ടുകാരോടൊപ്പം കഴിക്കുന്നതാണ് നമ്മൾ കൂടുതൽ ആസ്വദിക്കുന്നത്.

ഏറ്റവും വിലയേറിയ കാറു വാങ്ങി ദീർഘദൂരം യാത്ര ചെയ്യാൻ നാം ആഗ്രഹിക്കുന്നു. പക്ഷേ, നമ്മൾ




ഹൃദയംകൊണ്ട് സംസാരിക്കുന്നത് ചെറുവഴികളിലൂടെ ദീർഘദൂരം നടക്കുമ്പോഴാണ്.

രത്തൻ ടാറ്റ

## ഏതു തിരഞ്ഞെടുക്കും?

യേശു എനിക്കുവേണ്ടി മരിച്ചുവെന്ന് എനിക്കറിയാമായിരുന്നു. എന്നാൽ എനിക്കായിട്ടാണവൻ മരിച്ചതെങ്കിൽ ഞാൻ എനിക്കുള്ളവനല്ല എന്ന് എനിക്കറിയില്ലായിരുന്നു. ഞാനവന് ഉള്ളവനാണെങ്കിൽ എന്റെ മുൻപിൽ രണ്ടു തിരഞ്ഞെടുപ്പുകൾ ഉണ്ട്. ഒന്നുകിൽ കള്ളനെപ്പോലെ എന്റേതല്ലാത്തതു ഞാൻ പൂഴ്ത്തി വയ്ക്കണം. അല്ലെങ്കിൽ എല്ലാം ദൈവത്തിനു വിട്ടുകൊടുക്കണം. ഞാൻ ഏതു തിരഞ്ഞെടുക്കും?



## ഡയലോഗ്



ടൈറ്റസ് കാർത്തികപ്പള്ളി

☺ ദൈവത്തെപോലും കബളിപ്പിക്കുന്ന ആത്മീയതയെക്കുറിച്ച്...

*കെ. എം. ചെറിയാൻ, കാരയ്ക്കാട്, കോട്ട, പത്തനംതിട്ട*

☹ **മനുഷ്യന്റെ അതിജീവന വാസനയാണത്.**

☺ ടി.വി. സീരിയലുകൾ കണ്ടുകണ്ട് പല സ്ത്രീകൾക്കും വട്ടായി. ഇവരുടെ ഭർത്താക്കന്മാർ എന്തുചെയ്യും.

*പാ. സാം സി. ജോസഫ്, കാരിക്കയം, പടണിപ്പാറ, ചിറ്റാർ*

☹ **ഭർത്താക്കന്മാർ അതേ ചാനലുകളിലെ ചർച്ചകളും കോമഡി പരിപാടികളും കാണുക. അതോടെ അവർക്കും വട്ടാകും. അങ്ങനെ രണ്ടുപേർക്കും സുഖമായി ജീവിയ്ക്കാം.**

☺ അധികാരത്തിൽ ഇരിക്കുന്ന പലർക്കും വിവരമില്ലെന്നു പറഞ്ഞാൽ.

*ഷെറിൻ വർഗ്ഗീസ്, കോടിക്കുളം, പാറപ്പുഴ, തൊടുപുഴ*

☹ **പ്രതിഭയില്ലെങ്കിലും ഭാവനയെന്ന പേരുണ്ടല്ലോ.**

☺ വിമർശിച്ചാൽ വിമർശിക്കപ്പെടും എന്നത് മറക്കാതിരിക്കാം.

*റവ. വി. എ. തോമസുകുട്ടി, മുള്ളിപ്ര, കാരക്കുളം, തിരുവനന്തപുരം*

☹ **കക്കരുത്, കയ്യിട്ടുവാരരുത്, അന്യന്റെ മുതൽ ആഗ്രഹിക്കരുത്, വ്യഭിചാരം ചെയ്യരുത്, ദൈവത്തെയും മനുഷ്യനേയും ചൂഷണം ചെയ്യരുത് എന്നതൊക്കെ മറക്കാതിരിക്കുമെങ്കിൽ.**

☺ പഴയകാല ജീവിതം ഉപേക്ഷിച്ച് പുതിയ മനുഷ്യരായവരാണ് നേതൃത്വത്തിൽ ഇരിക്കുന്നത്. അവരെ പ്രകോപിപ്പിച്ച് ക്രിമിനലുകളാക്കരുത്.

*ആൻസി ജോസഫ്, നെല്ലിമുകൾ, അടൂർ, പത്തനംതിട്ട*


☹ **അതുതന്നെയാണ് ഞങ്ങളും പറയുന്നത്. അവർ മനസുപുതുക്കി രൂപാന്തരപ്പെടാതെ ആൾമാറാട്ടം നടത്തിയവരാണ്.**

☺ ഒരു പ്രമുഖ സഭാ നേതാവിന്റെ അടുത്ത ബന്ധുവിന്റെ മകളുടെ കല്ല്യാണ ശുശ്രൂഷ മറ്റൊരാളെക്കൊണ്ട് നടത്തിക്കാൻ കാരണം.

*ആൻമേരി വർഗ്ഗീസ്, പൈങ്ങുട്ടി, ഇലഞ്ഞി, പിറവം*

☹ **കുടുംബജീവിതം തകരാതിരിക്കാൻ ആ വ്യവസ്ഥയിലാണ് കല്ല്യാണം ഉറപ്പിച്ചത്.**

## ഉള്ളിത്തൊലി




"ഉള്ളി തൊലി പൊളിക്കുന്നതുപോലെയാണ് ജീവിതം. ഭൂതകാലത്തിലെ ഓർമ്മകളുടെ അടരുകളെ മനുഷ്യൻ ഒന്നൊന്നായ് പൊളിച്ചുനീക്കുന്നു. ഇടയ്ക്ക് കരയുന്നു. പൊളിച്ച് അവസാനം എത്തിച്ചേരുമ്പോൾ ശൂന്യത മാത്രം അവശേഷിക്കുന്നു" എന്ന് പറഞ്ഞുകൊണ്ട് തന്റെ ആത്മകഥയ്ക്ക് "ഉള്ളി തൊലി പൊളിക്കുമ്പോൾ" (Peeling the onion) എന്ന് പേരിട്ട ഗുന്ദർ ഗ്രസ് എന്ന നോബെൽ സമ്മാന ജേതാവ് ദിവംഗതനായി.

## ദൈവത്തിന്റെ മനോഭാവം

പേജ് 4 തുടർച്ച

ദൈവം കാണുന്നത്. നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല എന്ന് നമ്മുടെ കർത്താവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നിടത്തുനിന്നും (എബ്രാ.4:15) കർത്താവ് നമ്മുടെ പാപങ്ങളിൽ സഹതാപമുള്ളവനാണെന്ന് തെറ്റായി അനേകർ ചിന്തിച്ചുപോകാറുണ്ട്. ഇവിടെ ബലഹീനത എന്നു പറയുന്നത് പാപത്തെ ഉദ്ദേശിച്ചല്ല; കേവലം മാനുഷികപരിമിതികളെ ഉദ്ദേശിച്ചാണ്. കർത്താവിന് നമ്മുടെ പാപങ്ങളിൽ സഹതാപം ഉണ്ടെന്നല്ല; മനുഷ്യർ എന്ന നിലയ്ക്ക് നമുക്കുള്ള പരിമിതികളെ കർത്താവ് മനസ്സിലാക്കുകയും സഹതാപത്തോടെ കാണുകയും ചെയ്യും എന്നാണർത്ഥം. ആരുടേയും ഒരു പാപത്തിലും കർത്താവിനു സഹതാപമില്ല. മാനുഷിക പരിമിതികൾ പാപമല്ല. ഞാൻ പാപം ചെയ്യുമ്പോൾ 'അത് നിവർത്തിയില്ലാതെ അവൻ ചെയ്തുപോയതാണ്. സാരമില്ല, അവൻ മനുഷ്യനല്ലേ, ബലഹീനനല്ലേ' എന്ന് കർത്താവ് വിചാരിക്കും എന്നല്ല ഈ ഭാഗത്തിന്റെ അർത്ഥം. പാപം ചെയ്യാതെ ജീവിക്കുവാൻ ആവശ്യമായതെല്ലാം കർത്താവ് നമുക്കായി ഒരുക്കിയിരിക്കെ, പാപത്തിൽ വീഴാതെവണ്ണം കൃപ നൽകുവാൻ കർത്താവ് സന്നദ്ധനായിരിക്കേ ഈ കൃപയെ അവഗണിച്ച് പാപത്തിൽ വീഴുന്ന ഒരുവനോട് യാതൊരു സഹതാപവു കർത്താവ് കാണിക്കുന്നില്ല എന്നു നാം ഓർക്കേണം.

ദൈവം പാപത്തെ കാണുന്നതുപോലെ നമുക്ക കാണാം. അവൻ പാപത്തെ വെറുക്കുന്നതുപോലെ നമുക്കും വെറുക്കാം. അവൻ വിശുദ്ധനായിരിക്കുന്നത കൊണ്ട് നമുക്കും വിശുദ്ധരാകാം (1 പത്രൊ.1:16). ഇതനെല്ലാം ആവശ്യമായ ദൈവകൃപ പരിശുദ്ധാത്മാവ മുഖാന്തിരം അവിടുന്ന് നൽകും നിശ്ചയം.

## ഉല്ലാസയാത്ര



ഇടവേളകളിൽ അയാൾ മകൾക്ക് കടലും ഉദ്യാനവും കൊട്ടാരവും... ഒക്കെ കൊണ്ടുപോയി കാണിച്ചുകൊടുത്തു. മുതിർന്നപ്പോൾ അവൾ പറയുകയാ... അവൾ അതൊന്നും കണ്ടിട്ടില്ലെന്ന്. അന്ന് കൺനിറയെ കണ്ടത് പപ്പയെ മാത്രമായിരുന്നെന്ന്". ഈ ലോക ജീവിതത്തിൽ മായകാഴ്ചകളിൽ മുഴുകാതെ ദൈവമുഖം കണ്ട് ജീവിക്കുവാൻ സാധിച്ചിരുന്നെങ്കിൽ.




Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew